കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 11/1543/2017പടിഞ്ഞാറെ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി-11/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറിമുഖേന)

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2016 – 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.11/1543/17 തീയതി:11/10/2017

## കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.12.2016 മുതൽ 20.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 06 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.08.2017 മുതൽ 09.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.സൈമൺ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. ഐസക് ജോൺ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ചന്ദ്രപ്രകാശ്.സി | സീനിയർ |

| | | |
|---|---|---|
| | | ഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.ജയേഷ്.ജെ | ഓഡിറ്റർ |
| (ബി)നിർവ്വഹണാധികാരികൾ | | |
| പ്രസിഡന്റ് | ശ്രീമതി.ധന്യാ കൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ദിലീപ്.ടി | 01.04.2016 മുതൽ 08.08.2016 വരെ |
| | ശ്രീമതി.ജെ.മേരിലത | 09.08.2016 മുതൽ 19.08.2016 വരെ |
| | ശ്രീ.എം. ജ്യോതിരാജ് | 20.08.2016 മുതൽ 09.09.2016വരെ |
| | ശ്രീമതി.ജെ.മേരിലത | 09.09.2016 മുതൽ 24.12.2016 വരെ |
| | ശ്രീ.എം.റജിമോൻ | 24.12.2016 മുതൽ 03.1.2017 വരെ |
| | ശ്രീ.പ്രകാശൻ | 04.1.2017 മുതൽ 08.01.2017 വരെ |
| | ശ്രീ.അശോകൻ.കെ | 09.01.2017 മുതൽ 31.03.2017 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സുനിൽ കുമാർ | 01.04.2016 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പി.ഗീത | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഡോ.മറീന | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബിജി ഡാനിയൽ | 01.04.2016മുതൽ 29.06.2016 വരെ |
| | ഡോ.പ്രീത നായർ | 29.06.2016 മുതൽ 20.01.2017 വരെ |
| | ഡോ.പ്രജിത നെൽസൺ | 20.01.2017 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.പ്രദീപ് | 01.04.2016മുതൽ 14.09.2016 വരെ |
| | ഡോ.ദീപ്തി. എ.ആർ | 14.09.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.സേവ്യർ | 01.04.2016മുതൽ 04.11.2016 വരെ |
| | ശ്രീമതി.ലാലി.സി | 05.11.2016 മുതൽ 31.03.2017 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി.സുലത. വി.എം. | 1.04.2016മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സുചിത്രാദേവി | 1.04.2016മുതൽ 17.08.2016 വരെ |

| | | |
|---|---|---|
| | ശ്രീ.സുരേന്ദ്രൻപിള്ള | 03.09.2016 മുതൽ 27.12.2016വരെ |
| | ശ്രീ.പ്രകാശൻ | 03.01.2017മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.തുളസീഭായി അമ്മ | 01.04.2016മുതൽ 31.03.2017 വരെ |
| ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.കെ.പി. ബീന | 01.04.2016മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാങ്ങോട്) | ശ്രീ.കിഷോർ.കെ.ജെ | 01.04.2016മുതൽ 03.01.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പവിത്രേശ്വരം) | ശ്രീമതി.ദീജ.വി.ആർ | 03.11.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാങ്ങോട്) | | |

## ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ തുക ശേഷിക്കുന്നു | 2-1 |
| 13 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തനതു ഫണ്ടിന് ഒരേ സമയം രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു | 2-2 |
| 14 | അപകടകരമായ അവസ്ഥയിൽ നിന്ന മരങ്ങൾ മുറിച്ചത് ലേലം ചെയ്ത് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-3 |
| 15 | മൊബൈൽ ടവറുകളിൽനിന്ന് വസ്തുനികുതി ഈടാക്കിയില്ല | 2-4 |
| 16 | ദിവസവിറ്റുവരവിനനുസരിച്ച് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയില്ല | 2-5 |
| 17 | തൊഴിൽനികുതി പിരിവിലെ അപാകതകൾ | 2-6 |
| ഭാഗം 3 | | |
| 18 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി-നിരാകരിക്കുന്ന തുക-4,000/- രൂപ | 3-1 |

| | | |
|---|---|---|
| | | |
| 19 | ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി വായ്പ സ്വീകരിച്ചതിലും തിരിച്ചടവിലും ഗുരുതരമായ വീഴ്ച | 3-2 |
| 20 | സർക്കാർ ഉത്തരവിനു വിരുദ്ധമായി വികസനഫണ്ടിൽനിന്നും പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച തുക സംബന്ധിച്ച് | 3-3 |
| 21 | പ്രോജക്ട് നം.S0216/17-കന്നുകുട്ടി പരിപാലനപദ്ധതി-സംസ്ഥാനവിഹിതം ലഭ്യമാക്കിയില്ല-അർഹതയുള്ള പല ഗുണഭോക്താക്കൾക്കും ആനുകൂല്യം നഷ്ടമായി. | 3-4 |
| 22 | പി.എം.എ.വൈ വിഹിതം നൽകൽ (എസ്.സി)- തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തടസ്സപ്പെടുത്തുന്ന തുക-2,20,000/- രൂപ | 3-5 |
| 23 | ആയുർവേദ ആശുപത്രികളിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല; ആദ്യ ഗഡുവായി നൽകിയ ഇൻവോയ്സുകളിൽ പരാമർശിക്കുന്ന സ്റ്റോക്കിൽ കുറവ് | 3-6 |
| 24 | ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി - ചെലവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-7 |
| 25 | ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർക്ക് അധികവേതനം നൽകിയ തുക നിരാകരിക്കുന്നു | 3-8 |
| 26 | എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കിയില്ല. തെരുവുവിളക്കുകളിൽ ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നതിനാൽ ഉയർന്നനിരക്കിൽ കറൻറ് ചാർജ് നൽകുന്നു | 3-9 |

| | | |
|---|---|---|
| 27 | 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചിരിക്കുന്നു | 3-10 |
| 28 | കുടിവെള്ള പദ്ധതികൾക്ക് ബാക്കി തുക നൽകൽ- പദ്ധതികളുടെ പൂർത്തീകരണവിവരങ്ങൾ, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല-തടസ്സപ്പെടുത്തുന്ന തുക- 5,99,888/- രൂപ | 3-11 |
| 29 | സബ്സിഡിതുകയിൽ ആനുപാതികമായ കുറവ് വരുത്തിയില്ല-നിരാകരിക്കുന്ന തുക-568/-രൂപ | 3-12 |
| 30 | ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- വികസനഫണ്ടിൽനിന്നും ചെലവഴിച്ച 4,41,600/- രൂപ തടസ്സപ്പെടുത്തുന്നു | 3-13 |
| 31 | വായ്പാബന്ധിതപദ്ധതികളിൽ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-തടസ്സപ്പെടുത്തുന്ന തുക-7,20,000/-രൂപ | 3-14 |
| 32 | പ്രോജക്ട് നം. S0037/17-ശ്രീകൃഷ്ണസ്വാമി-കാരിക്കൽ ഏലാ റോഡ് കോൺക്രീറ്റിംഗ്-എർത്ത് ഫില്ലിംഗിന് ഉയർന്നനിരക്ക് അനുവദിച്ചു-നിരാകരിക്കുന്ന തുക- 12,979/- രൂപ | 3-15 |
| 33 | പൊതുമരാമത്തുപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല-ഫൈൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 35,827/-രൂപയുടെ നഷ്ടം | 3-16 |
| 34 | ഗുണഭോക്തൃസമിതിമുഖേന നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തിക്ക് ഹാജരാക്കിയ ബില്ലുകളേക്കാൾ അധികമായി നൽകിയ തുക 35,623/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 3-17 |

| | | |
|---|---|---|
| | | |
| 35 | ആവശ്യകതയിൽ കൂടുതൽ അളവിലുള്ള സിമന്റിന് വില കണക്കാക്കി കൺവീനർക്ക് തുക അനുവദിച്ചു- നിരാകരിക്കുന്ന തുക- 68,225/-രൂപ | 3-18 |
| ഭാഗം 4 | | |
| 36 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | 4-9 |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 04.03.2016-ലെ 1-ാം നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 27.03.2017-ലെ l-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 17.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-2017 | 07.08.2017 | കെ.എസ്.എ.കെ.എൽ.എം. പി-11/1543/2017 തീ.11.10.2017 |

1)ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള തന്നാണ്ടിലെ വസ്തുനികുതി പിരിവ് 21,03,217/-രൂപയും കുടിശ്ശിക പിരിവ് 11,21,597/-രൂപയുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർപ്രകാരം ഇവ യഥാക്രമം 16,20,743/- രൂപയും 8,38,270/- രൂപയുമാണ്.

2)തൻവർഷം വാടകയിനത്തിൽ പിരിച്ചതുക വാർഷികധനകാര്യപത്രികപ്രകാരം 56,298/-രൂപയാണ്. എന്നാൽ വാടകരജിസ്റ്റർപ്രകാരം തൻവർഷത്തെ വാടകപിരിവ് 57,162/- രൂപയാണ്.

3)ഗ്രാമപഞ്ചായത്തിലെ എല്ലാ ആസ്തികളുടെയും മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4)ഇ.എം.എസ് ഭവനനിർമാണപദ്ധതിക്കായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയ തുകയിൽ ചെലവഴിക്കാതെ ബാക്കിനിൽക്കുന്ന 3,79,600/-രൂപ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | 61,10,887 |
|---|---|
| വരവ് | 5,78,70,228 |

| | |
|---|---|
| ആകെ | 6,39,81,115 |
| ചെലവ് | 5,80,42,189 |
| നീക്കിയിരിപ്പ് | 59,38,926 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,32,64,754 | 1,32,64,754 | 1,32,64,754 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 87,45,020 | 87,45,020 | 87,45,020 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 22,49,454 | 22,49,454 | 22,49,454 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 14,91,747 | 14,91,747 | 14,91,747 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 74,16,414 | 74,16,414 | 74,16,414 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 10,94,219 | 10,94,219 | 10,94,219 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 21,065 | 2,56,72,350 | 2,56,93,415 | 2,56,09,172 | 84,243 |
| ബി ഫണ്ട് | 0 | 4,82,41,735 | 4,82,41,735 | 4,82,41,735 | 0 |
| വികസനഫണ്ട് | 0 | 1,64,724 | 1,64,724 | 1,64,724 | 0 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | 8,49,17,669 | 144 | 4,28,90,295 | 01 | 108 | 56.9% |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയുംപ്രകാരം 14.3% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 36,57,057 | 49,30,753 | 12,73,696 | +34.82 |
| നികുതിയേതര വരവുകൾ | 9,46,477 | 8,20,500 | 1,25,977 | -13.31 |
| മറ്റുവരവുകൾ | 1,00,03,562 | 1,09,46,301 | 9,42,739 | +9.4 |
| ആകെ | 1,46,07,096 | 1,66,97,554 | 20,90,458 | +14.3 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,18,040 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 8,33,260 | 75 |
| വിധവാപെൻഷൻ | 1,54,02,270 | 1248 |
| വാർദ്ധക്യകാലപെൻഷൻ | 2,68,13,610 | 1777 |
| വികലാംഗപെൻഷൻ | 39,63,335 | 301 |
| വിവാഹധനസഹായം | 4,20,000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2017 രാവിലെ 11.30-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 257/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തിസംരക്ഷണത്തിൽ പഞ്ചായത്ത് ഗുരുതരമായവീഴ്ച വരുത്തുന്നുണ്ട്. നിർമ്മാണം പൂർത്തീകരിച്ച പി.എച്ച്.സി.കെട്ടിടം, പൊരീക്കൽ മാർക്കറ്റ് തുടങ്ങിയവ ഉപയോഗപ്പെടുത്തിയിട്ടില്ല. പഞ്ചായത്തുകെട്ടിടത്തിന്റെ മുകളിലെനിലയിലെ കോൺഫറൻസ് ഹാളിന്റെ ഷീറ്റുകൾ തകർന്ന് മേൽക്കൂരയില്ലാത്ത നിലയിലാണ്. കൗൺസിൽഹാളിലെ ജനാലകളും വാതിലുകളും തകർന്ന നിലയിലാണ്. ആയവ

സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവുവിളക്ക് രജിസ്റ്ററുകൾ കാലികമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2017 | ജൂൺ മാസം | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.04.2012 മുതൽ 30.04.2012 വരെ | 2010-2011 വരെ | 11.06.2012 |

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ തുക ശേഷിക്കുന്നു

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | സെക്രട്ടറി | 03007120080033, കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 5,186 |
| 2 | അസി.എൻജിനിയർ | 760868674, ഇന്ത്യൻ ബാങ്ക്,കൊട്ടാരക്കര | 10,445 |
| 3 | ഹെഡ്മാസ്റ്റർ | 533885226, ഇന്ത്യൻ ബാങ്ക്, പുത്തൂർ | 14,233 |
| 4 | കൃഷി ഓഫീസർ | 481446820, ഇന്ത്യൻ ബാങ്ക്, കൊട്ടാരക്കര | 26,602 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 57029891377 എസ്.ബി.റ്റി കൊട്ടാരക്കര | 9,22,119 |
| 6 | വെറ്റിനറി സർജൻ | 57029748407 എസ്.ബി.റ്റി കൊട്ടാരക്കര | 4,34,213 |
| 7 | സെക്രട്ടറി | 481414616, ഇന്ത്യൻ ബാങ്ക്,കൊട്ടാരക്കര | 3,76,446 |

മേൽ അക്കൗണ്ടുകളിൽ സെക്രട്ടറിയുടേത് ഒഴികെയുള്ളവ വാർഷികകണക്കിൽ പരാമർശിക്കാത്ത അക്കൗണ്ടുകളാണ്. ആയതിനാൽ മേൽതുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തനതു ഫണ്ടിന് ഒരേ സമയം രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

തദ്ദേശസ്വയംഭരണവകുപ്പിന്റെ 26.5.2011-ലെ 58725/എഫ്എം3/2008/തസ്വഭവ നമ്പർ സർക്കുലർപ്രകാരം തനതുവരുമാനം ട്രഷറി അക്കൗണ്ടിനുപുറമെ ഒരു ദേശസാൽകൃതബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണബാങ്ക് അക്കൗണ്ടിലോമാത്രം നിക്ഷേപിക്കണമെന്നും ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ തനതുഫണ്ടിന് ഇൻഡ്യൻ ബാങ്കിന്റെ പുത്തൂർ ശാഖയിലും (അക്കൗണ്ട് നമ്പർ 957831391) കൊല്ലം ജില്ലാ സഹകരണബാങ്കിന്റെ പുത്തൂർ ശാഖയിലും (അക്കൗണ്ട് നമ്പർ 030071200800030) രണ്ട് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു. തനതുഫണ്ട് അക്കൗണ്ട് സൂക്ഷിക്കുന്നതിനായി ഒരു അക്കൗണ്ടുമാത്രം നിലനിർത്തി രണ്ടാമത്തെ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 അപകടകരമായ അവസ്ഥയിൽ നിന്ന മരങ്ങൾ മുറിച്ചത് ലേലം ചെയ്തു നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

05.07.2016-ൽ ഗ്രാമപഞ്ചായത്തുപരിധിയിലെ പാങ്ങോട് ഡബ്ല്യു.എൽ.പി.എസ്സിന്റെ പരിധിയിൽനിന്ന വലിയ മരങ്ങൾ മുറിച്ച് മാറ്റിയതായും 08.07.2016ൽ ഗ്രാമപഞ്ചായത്തുപരിധിയിലെ ശ്രീനാരായണപുരം വാർഡിലെ 73-ാം നമ്പർ അംഗൻവാടിക്ക് സമീപംനിന്ന മരങ്ങൾ മുറിച്ചുമാറ്റിയതായും വൗച്ചർ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. ആയത് ലേലം ചെയ്തതായി ലേലരജിസ്റ്ററിൽ കാണുന്നില്ല. ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/09.08.2017-ന് മറുപടി നൽകിയില്ല. എക്സിറ്റ് മീറ്റിംഗിൽ ടി കാര്യം അവതരിച്ചപ്പോൾ വൈസ് പ്രസിഡന്റ് മറുപടിയായി ഈ മരങ്ങൾ യഥാക്രമം ആഞ്ഞിലിയും മഹാഗണിയുമാണെന്നും ആയത് വനംവകുപ്പിന്റെ വാല്വേഷനനുസരിച്ച് ലേലം കൊള്ളുന്നതിന് ആളുകൾ എത്താത്തതിനാലാണ് ലേലം നടത്താത്തത് എന്നറിയിച്ചിട്ടുണ്ട്. ലേലനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽനിന്ന് ഓഡിറ്റ്‌വർഷംവരെ ഈടാക്കാനുള്ള വസ്തുനികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ടവറിന്റെ പേര് | കെട്ടിട നമ്പർ | 2016-17 വരെ ഈടാക്കാനുള്ള വസ്തുനികുതി |
|---|---|---|---|
| 1 | ഐഡിയ സെല്ലുലാർ | 1/262 | 42,000 |

| | | | |
|---|---|---|---|
| | ലിമിറ്റഡ്,കല്ലമ്പള്ളി | | |
| 2 | ഭാരത് എയർടെൽ ലിമിറ്റഡ്,എൻ.എച്ച് ബൈപാസ് കുണ്ടന്നൂർ ജംഗ്ഷൻ | 5/320 | 25,200 |
| ആകെ | | | 67,200 |

മേൽ ടവറുകളിൽനിന്ന് വസ്തുനികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 18/8.8.2017-നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയിൽ 9.8.17-ന് മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക 67,200/- രൂപ പലിശസഹിതം ഈടാക്കേണ്ടതാണ്.

## 2-5 ദിവസവിറ്റുവരവിനനുസരിച്ച് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശ്രീ മഹാദേവ ഫ്യുവൽസ് (കെട്ടിട നമ്പർ.9/1348) എന്ന പെട്രോൾ പമ്പിൽനിന്നും ദിവസവിറ്റുവരവിന് ആനുപാതികമായല്ല 2016-17 വർഷം ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയത്. സ്ഥാപനം സമർപ്പിച്ച ഡി&ഒ ലൈസൻസ് അപേക്ഷയിൽ ദിവസവിറ്റുവരവ് രേഖപ്പെടുത്തി വാങ്ങിയിട്ടില്ല. എന്നാൽ ഡി&ഒ ലൈസൻസ് ഫീസിനത്തിൽ ഗ്രാമപഞ്ചായത്ത് 500/-രൂപ ഈടാക്കിയിട്ടുണ്ട്. ആയത് എന്തടിസ്ഥാനത്തിലാണെന്ന് ഫയലിൽ വ്യക്തമല്ല. അപേക്ഷയോടൊപ്പം ഹാജരാക്കിയ മലിനീകരണനിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രത്തിൽ പ്രതിദിനം 1250 ലിറ്റർ പെട്രോളിയം ഉൽപന്നങ്ങൾ വിൽപന നടത്തുന്ന പമ്പാണ് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ് 50,000/-രൂപയ്ക്ക് മുകളിൽ വരുന്നതും ഡി&ഒ ലൈസൻസ് ഫീസായി 2,000/-രൂപയോ അതിന് മുകളിലോ ഈടാക്കാവുന്നതുമാണ്. ദിവസവിറ്റുവരവിനനുസരിച്ച് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10/7.8.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ദിവസവിറ്റുവരവിനനുസരിച്ച് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 തൊഴിൽനികുതി പിരിവിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർധവർഷങ്ങൾ |
|---|---|---|
| 1 | ബി.എസ്.എൻ.എൽ പുത്തൂർ | I,II |
| 2 | മാവേലിസ്റ്റോർ പൊരീക്കൽ | I,II |

| | | |
|---|---|---|
| 3 | ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് & റിസർച്ച് | I,II |
| 4 | മാറനാട് ക്ഷീരോത്പാദകസഹകരണ സംഘം | I,II |
| 5 | പവിത്രേശ്വരം ക്ഷീരോത്പാദകസഹകരണ സംഘം | I,II |
| 6 | ശ്രീദുർഗ്ഗ കാഷ്യു ഫാക്ടറി പുത്തൂർ | II |
| 7 | കെ.എസ്.സി.ഡി.സി ഫാക്ടറി നമ്പർ.8,പുത്തൂർ | I,II |
| 8 | പ്രണവം കാഷ്യൂ കമ്പനി,എസ്.എൻ പുരം | I,II |
| 9 | കൈലാസ് കാഷ്യൂ എക്സ്പോർട്സ്,കൈതക്കോട് | I,II |
| 10 | സിദ്ധാർത്ഥ സെൻട്രൽസ്കൂൾ, ചെറുമങ്ങാട് | I |

കൂടാതെ ചെറുമങ്ങാട് സിദ്ധാർത്ഥ സെൻട്രൽ സ്കൂളിലെ ജീവനക്കാരിൽനിന്നും രണ്ട് അർധവർഷങ്ങളിലെയും തൊഴിൽനികുതി ഇടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നല്കിയ 7/5.8.17 നം. ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി-നിരാകരിക്കുന്ന തുക-**4,000/-** രൂപ

പ്രോജക്ട് നം. S0210/17

പ്രോജക്ടിന്റെ പേര്- സ്കൂൾ കുട്ടികൾക്ക് പഠനോപകരണം.

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി.

അടങ്കൽ- 1,52,000/- ( വികസനഫണ്ട്-എസ്.സി.പി- 1,50,000 + തനത് ഫണ്ട്- 2,000/-)

ബിൽ നം./തീയതി- 16/16-17/31.3.2017.

തുക- 67,991/-

38 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശ, സ്റ്റീൽ കസേര എന്നിവ വിതരണം ചെയ്യുന്നതിന് ഒരു വിദ്യാർത്ഥിക്ക് 4,000/-രൂപ ക്രമത്തിൽ 1,52,000/-രൂപ അടങ്കൽ വകയിരുത്തിയിരുന്നു. എന്നാൽ 17 വിദ്യാർത്ഥികൾക്കായി 67,991/-രൂപ മാത്രമാണ് പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുള്ളത്. മേശ, കസേര എന്നിവ ലഭ്യമാക്കുന്നതിന് കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച (മേശ ഒന്നിന് 2,358/-രൂ+14.5% നികുതി, കസേര ഒന്നിന് 1,135/-രൂ+14.5%നികുതി) KICO ബിസിനസ് കോർപ്പറേഷൻ, അടൂർ എന്ന സ്ഥാപനത്തിനാണ് 67,991/- രൂപ നൽകിയത്.

എന്നാൽ ബന്ധപ്പെട്ട ഫയൽ, രജിസ്റ്ററുകൾ, അംഗീകൃത ഗുണഭോക്തൃലിസ്റ്റ് (പഞ്ചായത്ത് കമ്മിറ്റിയുടെ 9.12.2016-ലെ I(1) നം. തീരുമാനപ്രകാരം അംഗീകരിച്ചത്) എന്നിവ പരിശോധിച്ചതിൽ പ്രസ്തുത പദ്ധതിപ്രകാരം ആനുകൂല്യം ലഭ്യമാക്കിയ ആദർശ്.എസ്.ബി, കൊല്ലരഴികത്ത് വീട്, കാരിക്കൽ എന്ന ഗുണഭോക്താവ് അംഗീകൃതഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ടി ഗുണഭോക്താവിനായി ചെലവഴിച്ച 4,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/8.8.2017) സാമ്പത്തികവർഷത്തിന്റെ അവസാനനാളുകളിൽ പട്ടികജാതി വികസനഫണ്ട് ചെലവഴിക്കാത്തതുമൂലം ഫണ്ട് നഷ്ടപ്പെടുന്നതും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന അവസ്ഥയിലുമാണ് വളരെ ധൃതിപിടിച്ച് പട്ടികജാതി പ്രോജക്ടുകൾ നടപ്പിലാക്കിയതെന്നും, പഞ്ചായത്തിന്റെ ഉത്തമതാത്പര്യത്തിനും എസ്.സി.ഫണ്ട് വിനിയോഗത്തിനുമായാണ് ടി കുട്ടിക്കുകൂടി ഫർണിച്ചർ നൽകിയതെന്നുമാണ് മറുപടി നൽകിയത്. എന്നാൽ ഈ മറുപടി അംഗീകരിക്കാനാവില്ല.

നിരാകരിച്ച 4,000/- രൂപ നിർവഹണോദ്യോഗസ്ഥനായ അസി. സെക്രട്ടറിയിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 <u>ഇ.എം.എസ്. സമ്പൂർണ്ണഭവനപദ്ധതി വായ്പ സ്വീകരിച്ചതിലും തിരിച്ചടവിലും ഗുരുതരമായ വീഴ്ച</u>

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള എല്ലാ ഭൂരഹിത-ഭവനരഹിതർക്കും സ്ഥലവുംവീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഇ.എം.എസ്. സമ്പൂർണ്ണഭവനപദ്ധതി.

സ.ഉ.(എം.എസ്)207/2009 തസ്വഭവ തീയതി 07.11.2019 പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് സമഗ്ര മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും സ.ഉ.(സാ.)നം 637/2010 തസ്വഭവ തീയതി 25.02.2010 പ്രകാരം പദ്ധതി നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനവും (പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത്) വായ്പ നൽകുന്ന സഹകരണബാങ്കും (പവിത്രേശ്വരം സർവ്വീസ് സഹകരണ ബാങ്ക്) തമ്മിൽ 21.05.2010-ൽ കരാർ ചമച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലേക്കായി 2,16,90,000/-രൂപ ലോൺ എടുക്കുന്നതിലേയ്ക്കാണ് കരാർ ചമച്ചതെങ്കിലും 91,00,000/-രൂപ മാത്രമാണ് ലോണായി സ്വീകരിച്ചിട്ടുള്ളത്. ലോൺ തുക 22.08.2014-ൽ പൂർണ്ണമായും അടച്ചുതീർത്തിട്ടുണ്ട്. ഓഡിറ്റിനായി ബാങ്കിൽനിന്നും ഹാജരാക്കിയ സ്റ്റേറ്റ്മെന്റ്പ്രകാരം ലോൺതുകയും പലിശയും പൂർണ്ണമായും അടവാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ലോൺ അനുവദിച്ചതും പിൻവലിച്ചതുമായ രേഖകൾ ഓഡിറ്റ് ചെയ്തതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

<u>I. ഇ.എം.എസ്. സമ്പൂർണ്ണഭവനപദ്ധതി ലോൺ റീപേമെന്റ് ബാങ്ക് സ്റ്റേറ്റ്മെന്റും പഞ്ചായത്ത് ലോൺരജിസ്റ്ററും പരിശോധിച്ചതിൽ വായ്പാതുക അനുവദിച്ചതിൽ താഴെപ്പറയുന്ന വ്യത്യാസം കാണപ്പെടുന്നു.</u>

| ക്രമ നമ്പർ | ലോൺ രജിസ്റ്റർ പ്രകാരം വായ്പാ തുക പിൻവലിച്ച | | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വായ്പ നൽകിയ /പിൻവലിച്ച | |
|---|---|---|---|---|
| | തീയതി | തുക | തീയതി | തുക |
| 1 | 17.06.2010 | 5,00,000 | 25.06.2010 | 5,00,000 |
| 2 | 28.07.2010 | 5,00,000 | 28.07.2010 | 5,00,000 |
| 3 | 31.07.2010 | 6,00,000 | 31.07.2010 | 3,00,000 |
| 4 | 13.08.2010 | 4,00,000 | 19.08.2010 | 5,00,000 |
| 5 | 19.08.2010 | 5,00,000 | 08.09.2010 | 5,00,000 |
| 6 | 08.09.2010 | 5,00,000 | 22.09.2010 | 5,00,000 |
| 7 | 20.09.2010 | 5,00,000 | 28.09.2010 | 5,00,000 |
| 8 | 28.09.2010 | 5,00,000 | 29.09.2010 | 5,00,000 |
| 9 | 25.10.2010 | 5,00,000 | 01.10.2010 | 5,00,000 |
| 10 | 08.01.2011 | 5,00,000 | 14.10.2010 | 3,00,000 |
| 11 | 31.01.2011 | 5,00,000 | 25.10.2010 | 5,00,000 |
| 12 | 07.03.2011 | 10,00,000 | 21.12.2010 | 5,00,000 |
| 13 | 09.03.2011 | 5,00,000 | 08.01.2011 | 5,00,000 |
| 14 | 14.06.2011 | 3,00,000 | 31.01.2011 | 5,00,000 |
| 15 | 29.06.2011 | 4,00,000 | 07.03.2011 | 10,00,000 |
| 16 | 10.10.2011 | 3,00,000 | 09.03.2011 | 5,00,000 |
| 17 | 30.10.2011 | 6,00,000 | 16.06.2011 | 3,00,000 |
| 18. | 17.01.2012 | 5,00,000 | 29.06.2011 | 2,00,000 |
| | | | 22.12.2011 | 3,00,000 |
| | | | 25.01.2012 | 5,00,000 |
| | | 91,00,000 | | 94,00,000 |

വർഷംതോറും പഞ്ചായത്തുസെക്രട്ടറിയും, ബാങ്ക്സെക്രട്ടറിയും സംയുക്തമായി തയ്യാറാക്കിയിരിക്കുന്ന സ്റ്റേറ്റ്മെന്റ്പ്രകാരം 91,00,000/-രൂപയാണ് പഞ്ചായത്ത് പദ്ധതി നിർവ്വഹണത്തിനായി ലോൺ എടുത്തിരിക്കുന്നത് . കൂടാതെ പഞ്ചായത്തുസെക്രട്ടറി 24.10.2016-ൽ പുറപ്പെടുവിച്ച എ2-6095/2016ാം നമ്പർ സാക്ഷ്യപത്രത്തിലും 91,00,000/- രൂപയാണ് ലോൺ എടുത്തിട്ടുള്ളതെന്നും ആയത് പൂർണ്ണമായും അടച്ചുതീർത്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പവിത്രേശ്വരം സർവ്വീസ് സഹകരണബാങ്ക് നൽകിയ കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റിൽ 94,00,000/- രൂപയാണ് ലോൺ എടുത്തിരിക്കുന്നതെന്നും ആയത് പൂർണ്ണമായും 23.05.2016-ൽ അടച്ചുതീർന്നതായി വരവു വച്ചിരിക്കുന്നു .

II. വായ്പാതുക തിരിച്ചടച്ചത് ബാങ്കിൽ വരവുവച്ചതിലെ ക്രമരാഹിത്യം പലിശയിനത്തിൽ പഞ്ചായത്തിന്/സർക്കാരിന് നഷ്ടം

| ക്രമ നമ്പർ | ലോൺ രജിസ്റ്റർ പ്രകാരം വായ്പ തിരിച്ചടച്ചതിന്റെ വിവരം | | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം A/C നം.എസ്.ബി.005035 വായ്പാ തിരിച്ചടച്ചതിന്റെ വിവരം | |
|---|---|---|---|---|
| | തീയതി | തുക | തീയതി | തുക |
| 1 | 09.03.2011 | 7,80,300 | 31.03.2011 | 7,80,300 |
| 2 | 14.06.2011 | 7,80,300 | 04.01.2012 | 21,69,000 |
| 3 | 02.01.2012 | 21,69,000 | 25.01.2013 | 21,69,000 |
| 4 | 25.01.2013 | 21,69,000 | 31.03.2014 | 21,69,000 |
| 5 | 21.05.2013 | 21,69,000 | 31.03.2015 | 10,32,400 |
| 6 | 22.08.2014 | 10,32,400 | 31.03.2016 | 47,900 |
| 7 | | | 23.05.2016 | 10,32,400 |
| | | 91,00,000 | | 94,00,000 |

ഈ രേഖകൾപ്രകാരം ബാങ്കിന് തുക ചെക്ക് നൽകിയതും ക്രഡിറ്റുചെയ്തതുമായ തീയതികൾ തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ഇതിലൂടെ ബാങ്കിന് നല്കേണ്ട പലിശയിനത്തിൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

III. പലിശ അടവ്-വരവ് വച്ചതിന്റെ വ്യത്യാസങ്ങൾ

| ക്രമ നമ്പർ | ലോൺ രജിസ്റ്റർ പ്രകാരം അടച്ച പലിശ | | ബാങ്ക് സ്റ്റേറ്റ്മെന്റ് A/C നം.എസ്.ബി.005035 പലിശ തിരിച്ചടച്ച പലിശ | |
|---|---|---|---|---|
| | തീയതി | തുക | തീയതി | തുക |
| 1 | 21.03.2011 | 1,50,767 | 31.03.2012 | 7,80,300 |
| 2 | 13.05.2011 | 98,630 | 31.03.2012 | 98,630 |
| 3 | 18.04.2012 | 1,32,616 | 11.07.2012 | 5,67,646 |
| 4 | 05.11.2012 | 5,67,646 | 31.03.2014 | 2,67,757 |
| 5 | 12.02.2016 | 2,67,784 | 31.03.2016 | 34,168 |
| 6 | 01.03.2014 | 2,48,396 | | |
| 7 | 19.05.2015 | 82,068 | | |
| | 31.12.2016ന് ശേഷം നൽകിയ 1,58,643/- രൂപ രേഖപ്പെടുത്തിയിട്ടില്ല. | | | |

| | | | | |
|---|---|---|---|---|
| | | 15,47,907 | | 17,48,501 |

IV. ഗുണഭോക്തൃവിഹിതം നൽകിയത് സംബന്ധിച്ച വി.ഇ.ഒയുടെ പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല.

പവിത്രേശ്വരം സർവ്വീസ് സഹകരണബാങ്കിലെ 5047-ാം നമ്പർ അക്കൗണ്ടിൽ 31.03.2017-ൽ 3,79,670/-രൂപ ഈ ഇനത്തിൽ ബാലൻസ് നിലനിൽക്കുന്നു. എത്ര ഗുണഭോക്താക്കൾക്കാണ് ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം നൽകിയതെന്നോ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചുവെന്നോ എത്ര തവണകൾ/ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട് എന്നതിന്റേയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 16/09.08.2017-നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വായ്പ തിരിച്ചടവിലും വായ്പ പലിശ തിരിച്ചടവിലും ഉണ്ടായ ഗുരുതരമായ വീഴ്ചയിലേയ്ക്ക് പഞ്ചായത്തുകമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വായ്പ അനുവദിച്ചതിന്റെ കൃത്യത, അധികമായി തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയത്, വായ്പ തിരിച്ചടച്ചത് വരവ് വച്ചതിലെ വ്യത്യാസം ആയതുമൂലം അധികം നൽകേണ്ടിവന്ന പലിശ എന്നിവ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഭരണവകുപ്പിനെ ചുമതലപ്പെടുത്തുന്നു.

## 3-3 സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസനഫണ്ടിൽനിന്നും പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച തുക സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അക്കൗണ്ടിൽ ബാലൻസ് ഉണ്ടായിരുന്ന തുക ഇ.എം.എസ് അക്കൗണ്ടിലേക്ക് വകമാറ്റി പഞ്ചായത്തുവിഹിതവും ഉൾപ്പെടെ നിക്ഷേപിക്കേണ്ടതും ബാലൻസ് തുക ലോണായി ബാങ്കിൽനിന്നും എടുത്ത് ഇ.എം.എസ് ഭവനപദ്ധതി നിർവ്വഹണം നടത്തണമെന്ന് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അക്കൗണ്ടിൽ ബാലൻസ് ഉണ്ടായിരുന്ന തുക ട്രഷറിയിൽനിന്നും പിൻവലിക്കുകയും ഇ.എം.എസ് അക്കൗണ്ടിലേക്ക് (അക്കൗണ്ട്നം.എസ്.ബി. 005035 പവിത്രേശ്വരം സർവ്വീസ് സഹകരണബാങ്ക്) വരവുവയ്ക്കുന്നതിനുപകരം പവിത്രേശ്വരം സർവ്വീസ് സഹകരണബാങ്കിൽ പുതിയ ഒരു സേവിംഗ്സ് അക്കൗണ്ട് തുടങ്ങുകയും ആയതിൽ നിക്ഷേപിക്കുകയും (അക്കൗണ്ട് നമ്പർ - എസ്.ബി.005035) ചെയ്തിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ | |
|---|---|
| | നിക്ഷേപിച്ച തുക |
| അക്കൗണ്ട് ആരംഭിച്ച തീയതി. 11.03.2010 | 100 |
| 31.03.2010 | 3,67,700 |
| 16.06.2010 | 3,88,933 |
| 16.06.2010 | 2,54,599 |
| 22.06.2010 | 7,73,702 |

| | |
|---|---|
| 23.07.2010 | 1,77,690 |
| 31.03.2011 (പലിശ) | 39,252 |
| 31.03.2012(പലിശ) | 42,540 |
| 31.03.2013(പലിശ) | 71,555 |
| 31.03.2014(പലിശ) | 1,05,799 |
| 31.03.2015(പലിശ) | 1,11,089 |
| 31.03.2016(പലിശ) | 93,314 |
| 31.03.2017(പലിശ) | 97,047 |
| ആകെ | 25,23,320 |

മേൽ അക്കൗണ്ടിൽനിന്നും നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കൊല്ലം ജില്ലാ ഓഫീസിൽനിന്നും 01/08/16 തീയതി പുറപ്പെടുവിച്ച കെ.എസ്.എ.കെ.എൽ.എം.പി.3.1161/16-ാംനമ്പർ ഉത്തരവിൽ പ്രതിപാദിച്ചിരുന്നുവെങ്കിലും ആയത് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് നാളിതുവരെ തിരികെ നിക്ഷേപിച്ചിട്ടില്ല. മേൽവിഷയം സംബന്ധിച്ച് നൽകിയ 16/09.08.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചന നിക്ഷേപം സംബന്ധമായി അന്വേഷണം നടത്തുന്നതിനും വികസനഫണ്ടിൽനിന്നും തുക നിക്ഷേപിച്ചതിന്മേൽ ക്രമരാഹിത്യമുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും ആവശ്യകത പരിഗണിക്കാതെ പിൻവലിക്കുകയോ, പ്രത്യേക ആവശ്യത്തിനുവേണ്ടി പിൻവലിച്ചശേഷം ചെലവാകാതെ ശേഷിക്കുകയോ ചെയ്യുന്ന തുകയാണെങ്കിൽ സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുന്നതിനും ശുപാർശചെയ്യുന്നു. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 3-4 പ്രോജക്ട് നം.S0216/17-കന്നുകുട്ടി പരിപാലനപദ്ധതി-സംസ്ഥാനവിഹിതം ലഭ്യമാക്കിയില്ല-അർഹതയുള്ള പല ഗുണഭോക്താക്കൾക്കും ആനുകൂല്യം നഷ്ടമായി.

നിർവഹണം- വെറ്ററിനറി സർജൻ.

അടങ്കൽ- 6,00,000/-രൂപ
(പഞ്ചായത്തുവിഹിതം-സി.എഫ്.സി.അവാർഡ്- 3,00,000+ഗുണ.വിഹിതം-3,00,000/-)

ബിൽ നം./തീയതി- 2/16-17/29.3.2017.

തുക- 3,00,000/- രൂപ

കന്നുകുട്ടി പരിപാലനപദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 25,000/-രൂപയാണ്. ഇതിൽ 6,250/-രൂ. പഞ്ചായത്ത് വിഹിതവും, 6,250/-രൂപ സംസ്ഥാനവിഹിതവും, ശേഷിക്കുന്ന 12,500/-രൂപ ഗുണഭോക്തൃവിഹിതവുമാണ്. തൻവർഷം പഞ്ചായത്ത് വിഹിതമായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും 3,00,000/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ സംസ്ഥാനവിഹിതം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഗുണഭോക്തൃവിഹിതമായി 3,00,000/-

രൂപ വകയിരുത്തി ആകെ അടങ്കൽതുകയായി 6,00,000/-രൂപ നിശ്ചയിച്ചു.

സംസ്ഥാനവിഹിതം ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/ 7.8.2017)ലഭ്യമാക്കിയ മറുപടിയിൽ, കാലിത്തീറ്റവിതരണം ഏതു സൊസൈറ്റിമുഖേന നടപ്പാക്കണം എന്നതു സംബന്ധിച്ച പഞ്ചായത്തുകമ്മിറ്റി തീരുമാനം അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം-ന് നിശ്ചിത സമയത്തിനകം സമർപ്പിക്കുന്നതിൽവന്ന വീഴ്ചയാണ് സംസ്ഥാനവിഹിതം ലഭ്യമാകാത്തതിന് കാരണമെന്ന് പരാമർശിച്ചിരിക്കുന്നു.

കാലിത്തീറ്റ വിതരണത്തിന് കൈതക്കോട് ക്ഷീര സഹകരണസംഘത്തിനെ തെരെഞ്ഞെടുത്തുകൊണ്ടുള്ള കമ്മിറ്റിതീരുമാനം (നം.9(5)/30-12-2016) നിർവഹണോദ്യോഗസ്ഥനായ വെറ്റിനറി സർജന് നൽകിയത് 15-2-2017-ൽ മാത്രമാണ്. തുടർന്ന് പ്രസ്തുത തീരുമാനം അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിന് സമർപ്പിച്ചപ്പോൾ, നിശ്ചിത സമയപരിധി കഴിഞ്ഞതിനാൽ, സംസ്ഥാനവിഹിതം ലഭ്യമാക്കാൻ നിർവാഹമില്ല എന്നാണ് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം അറിയിച്ചത്.

സംസ്ഥാനവിഹിതം ലഭ്യമാകാത്തതിനാൽ, പദ്ധതിക്കായി പഞ്ചായത്തിന്റെ വിഹിതവും, ഗുണഭോക്തൃവിഹിതവുംമാത്രം വകയിരുത്തി. ഇക്കാരണത്താൽ ഗുണഭോക്താക്കളുടെ എണ്ണം 48 ൽനിന്നും 24 ആയി ചുരുക്കേണ്ടതായുംവന്നു. തീരുമാനം എടുക്കുന്നതിലും , സമയബന്ധിതമായി തുടർനടപടി സ്വീകരിക്കുന്നതിലും പഞ്ചായത്തുകമ്മിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചമൂലം സംസ്ഥാനവിഹിതം നഷ്ടപ്പെടുന്നതിനും, അതുവഴി അർഹതയുള്ള പല ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത സാഹചര്യം സൃഷ്ടിക്കുന്നതിനും ഇടയായി. ഇത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. മേലിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പി.എം.എ.വൈ വിഹിതം നൽകൽ (എസ്.സി)- തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തടസ്സപ്പെടുത്തുന്ന തുക-2,20,000/-രൂപ

അസിസ്റ്റന്റ് സെക്രട്ടറി മുഖേന തൻവർഷം നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്ക്(പ്രോജക്ട് നം.S0273/17) വികസനഫണ്ട് (എസ്.സി.പി)-യിൽനിന്നും 2,20,000/- രൂപ അടങ്കൽ വകയിരുത്തിയിട്ടുണ്ട്. വെട്ടിക്കവല ബ്ലോക്കുപഞ്ചായത്ത് സെക്രട്ടറിയുടെ 24.1.2017-ലെ ബി-236/2017 നം. കത്തിന്റെ അടിസ്ഥാനത്തിൽ, ബിൽ നം. 9/16-17/15.3.17 പ്രകാരം 2,20,000/- രൂപ പിൻവലിച്ച് വെട്ടിക്കവല ബ്ലോക്കുപഞ്ചായത്തിന് നൽകിയിട്ടുണ്ട്.

എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 2,20,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 / 8.8.2017) പ്രസ്തുത പദ്ധതി അവസാനഘട്ടത്തിലാണെന്നും, പൂർത്തീകരിച്ചാലുടൻ ആയത് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്.

## 3-6 ആയുർ വേദ ആശുപത്രികളിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും

ലഭ്യമായിട്ടില്ല; ആദ്യ ഗഡുവായി നൽകിയ ഇൻവോയ്സുകളിൽ പരാമർശിക്കുന്ന സ്റ്റോക്കിൽ കുറവ്

(എ) ലഭ്യമാകാത്ത മരുന്നുകളുടെ വിവരം

ആയുർവേദഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ മരുന്നുവാങ്ങൽ പദ്ധതിയിൽ തുക നൽകി 6 മാസമായിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/ പേര് | ബിൽ നമ്പർ, തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | എസ്.0212/2016-2017 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ബിൽ നമ്പർ 1/27.02.2017 പ്രകാരം 6,00,000/- രൂപ ഔഷധിയ്ക്ക് | ഇൻവോയ്സ് നമ്പർ 2174/14.03.2017 പ്രകാരം 34,053 രൂപയുടെയും ഇൻവോയ്സ് നമ്പർ 90021820/17.03.2017 പ്രകാരം 1,06,623/- രൂപയുടെയും മരുന്നുകൾ ഉൾപ്പെടെ 1,40,676/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 4,59,324/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല |

മേൽ വിഷയം സംബന്ധിച്ചുനൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 03/03.08.2017-ന് മരുന്നുകൾ ലഭ്യമാകുന്നതിന് കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് ഇൻവോയ്സും മെഡിസിൻ സ്റ്റോക്കുരജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. ലഭ്യമാക്കാത്ത മരുന്നുകളുടെ വില 4,59,324/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ബി)ആദ്യഗഡുവായി നൽകിയ ഇൻവോയ്സുകളിൽ പരാമർശിക്കുന്ന സ്റ്റോക്കിൽ കുറവ്

ഇൻവോയ്സ് നമ്പർ 90021820/17.03.2017 പ്രകാരം 1,06,623/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയതിന്റെ സ്റ്റോക്കുരജിസറ്റർ പരിശോധിച്ചതിൽ ഇൻവോയ്സിൽ/ബില്ലിൽ പരാമർശിക്കുന്ന അളവ് മരുന്ന് സ്റ്റോക്കിൽ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഔഷധത്തിന്റെ പേര് | ഇൻവേയ്സ്/ ബില്ല് പ്രകാരം എണ്ണം | സ്റ്റേക്ക് രജിസ്റ്റർ പ്രകാരം എണ്ണം | കുറവ് |
|---|---|---|---|---|
| 1. | ദുരാലഭാരിഷ്ടം | 46 | 38 | 08 |
| 2. | വൈശ്വാനര ചൂർണ്ണം | 32 | 28 | 04 |

| | | | | |
|---|---|---|---|---|
| 3. | ഗുൽഗുലിമരിചാദി തൈലം | 72 | 64 | 08 |
| 4. | ആരഗ്വധാരിഷ്ടം | 120 കുപ്പികൾ | ലഭ്യമായിട്ടില്ല | 120 കുപ്പികൾ |
| 5. | കുടജാരിഷ്ടം | 120 കുപ്പികൾ | ലഭ്യമായിട്ടില്ല | 120 കുപ്പികൾ |

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 03/03.08.2017-ന് ഔഷധി മരുന്നുകൾ നൽകിയപ്പോൾതന്നെ സ്റ്റോക്ക് പരിശോധിച്ചതിൽ കുറവാണെന്നുകണ്ട് രേഖാമൂലം ഔഷധിയെ അറിയിച്ചിട്ടുണ്ടെന്നും ബാക്കി മരുന്ന് ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഹാജരാക്കുന്നതാണെന്നും മറുപടി ലഭിച്ചു. മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്കുരജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-7 ആശുപത്രികളിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി - ചെലവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല.

(എ) ഹോമിയോ ആശുപത്രി

ഹോമിയോഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ മരുന്നുവാങ്ങൽ പദ്ധതിയിൽ തുക നൽകി 6 മാസമായിട്ടും മരുന്നുകൾ ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | ബിൽ നമ്പർ, തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, |
|---|---|---|---|
| 1. | എസ്.0180/2016-2017 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ബിൽ നമ്പർ 1/27.02.2017 പ്രകാരം 1,00,000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. | പി.എഫ്-776/22.12.2012 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 02/02.08.2017-ന് മരുന്നുകൾ ലഭ്യമായിട്ടില്ലായെന്നും മരുന്നുകൾ ലഭ്യമാകുന്നതിലേക്കായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് ഇൻവോയ്സും മെഡിസിൻ സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. മറുപടിയിൽ പരാമർശിച്ചപ്രകാരം രേഖകൾ ഹാജരാക്കുന്നതുവരെ ലഭ്യമാകാത്ത മരുന്നുകളുടെ വില 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ബി) പി.എച്ച്.സി, സാന്ത്വനപരിചരണം.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പി.എച്ച്.സിക്ക്

മരുന്നുവാങ്ങൽ (പാലിയേറ്റീവ് കെയർ യൂണിറ്റ്) എന്നീ പദ്ധതിക്കായി 2016-2017 വർഷം ചെലവാക്കിയ തുകയ്ക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | പദ്ധതി നമ്പർ 0218/2016-17 പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ<br>മെയിന്റനൻസ് ഫണ്ട്<br>(നോൺ റോഡ്) | ബിൽ നമ്പർ 03/29.03.2017<br>പ്രകാരം 1,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. | പി.ആർ.എഫ്-2103/04.02.2017 | ഇൻവോയ്സ് നമ്പർ 1380/30.06.2017 പ്രകാരം 72,117<br>രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് ബാക്കി 27,883 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ബാക്കി നിൽക്കുന്നു |
| 2. | എസ്.0219/2016-2017 സാന്ത്വന പരിചരണം<br>(പാലിയേറ്റീവ് കെയർ) | ബിൽ നമ്പർ 04/29.03.2017<br>പ്രകാരം 50,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.<br>(വികസന ഫണ്ട്) | പി.ആർ.എഫ്-<br>2106<br>/04.02.2017 | മരുന്ന് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | ബിൽ നമ്പർ 04/29.03.2017<br>പ്രകാരം 1,50,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.<br>(വികസന ഫണ്ട്) | പി.ആർ.എഫ്-2106 /04.02.2017 | 19,771/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. |
| | ബിൽ നമ്പർ 04/29.03.2017<br>പ്രകാരം 50,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.<br>(വികസന ഫണ്ട്) | പി.ആർ.എഫ്-2102/04.02.2017 | മരുന്ന് ലഭ്യമായിട്ടില്ല |

അത്യന്തം പരിഗണനയർഹിക്കുന്ന പാലിയേറ്റീവ്കെയർ പദ്ധതികളിൽപോലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്ന് സമയബന്ധിതമായി മരുന്നുകളും രോഗികൾക്ക് താങ്ങാകേണ്ടതായ ഉപകരണങ്ങളും ലഭ്യമായിട്ടില്ല. ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് ഇൻവോയ്സും മെഡിസിൻ സ്റ്റോക്കുരജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. അപ്രകാരം രേഖകൾ ഹാജരാക്കുന്നതുവരെ ലഭ്യമാകാത്ത

മരുന്നുകളുടേയും ഉപകരണങ്ങളുടേയും വില 1,47,654/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർക്ക് അധികവേതനം നൽകിയത് നിരാകരിക്കുന്നു

പഞ്ചായത്തിലെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർക്ക് സർക്കാർ നിശ്ചയിച്ചതിലും അധികം വേതനം നൽകിയിരിക്കുന്നു.

ഫിനാൻസ് (എക്സ്പെൻഡിച്ചർ-സി) ഡിപ്പാർട്ട്മെന്റിന്റെ 26.02.2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 28/2016/ഫിൻ പ്രകാരം കാറ്റഗറി II ഡ്രൈവർക്ക് ദിവസവേതനം 650/- രൂപവീതം പരമാവധി 17,550/- രൂപയാണ്.എന്നാൽ പഞ്ചായത്തിലെ ഡ്രൈവറിന് 05/2016, 06/2016, 07/2016 മാസങ്ങളിൽ നൽകിയിരിക്കുന്നത് 18,000/- രൂപയാണ്. ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയ തുക 1,350 രൂപ (18,000-17,550 = 450, 450 x 3 = 1350) നിരാകരിക്കുന്നു. അധികം നൽകിയതുക ടി വ്യക്തിയിൽനിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ-പദ്ധതി നടപ്പിലാക്കിയില്ല. തെരുവുവിളക്കുകളിൽ ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നതിനാൽ ഉയർന്ന നിരക്കിൽ കറന്റ്ചാർജ് നൽകുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വാർഡുകളിൽ എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ (പദ്ധതി നമ്പർ 242/2016-2017), എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ (പദ്ധതി നമ്പർ 243/2016-2017) എന്നീ പദ്ധതികൾ ആസൂത്രണത്തിൽമാത്രം ഒതുങ്ങിയതിനാലാണ് നിലവിൽ തെരുവുവിളക്കുകളിൽ ഓർഡിനറി ബൾബുകൾ ഉപയോഗിക്കുകയും ആയതിലേക്ക് ഉയർന്നനിരക്കിൽ കറൻറ്ചാർജ് നൽകുകയും ചെയ്യുന്നത്.

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിന്റെ രേഖകൾ പരിശോധിച്ചതിൽ 2016-2017 വർഷാരംഭത്തിൽ പഞ്ചായത്തിൽ 1,55,350/- രൂപ കറൻറ് ചാർജ് നൽകിയിട്ടുണ്ട്. കിഴക്കേ കല്ലട ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ള സപ്ലൈ ഉപയോഗിച്ച് കത്തിക്കുന്ന തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിനാൽ 2017 ജനവരിമുതൽ ബാക്കിയുള്ള തെരുവുവിളക്കുകൾക്കായി 1,36,806/- രൂപ ഈടാക്കി വരുന്നു. പഞ്ചായത്തിൽ നാളിതുവരെ കെ.എസ്.ഇ.ബി-യുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല. കെ.എസ്.ഇ.ബി. സെക്ഷനിൽനിന്നും നൽകിയ വിശദമായ ബില്ല്പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുംപ്രകാരം തരുവുവിളക്കുകൾക്ക് പ്രവർത്തന ചാർജ്ജ് ഈടാക്കുന്നു.

| തെരുവു വിളക്കിന്റെ | വാട്ട്സ് | എണ്ണം | ഉപയോഗ | നിരക്ക് | തുക | യൂണിറ്റ് |
|---|---|---|---|---|---|---|

| ഇനം | | | സമയം (മണിക്കൂർ) | | | |
|---|---|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 613 | 12 | 61 | 37,393 | 8827 |
| ഓർഡിനറി ബൾബ് | 60 | 374 | 12 | 94 | 35,156 | 8078 |
| ഓർഡിനറി ബൾബ് | 100 | 3 | 12 | 155 | 465 | 108 |
| സിംഗിൾ ട്യൂബ് (40 വാട്ട്സ്) | 40 | 276 | 12 | 61 | 16,836 | 2693 |
| ഡബിൾ ട്യൂബ് (2 x 40 വാട്ട്സ്) | 80 | 285 | 12 | 124 | 35,340 | 8208 |
| എസ്.വി.എൽ | 250 | 24 | 12 | 414 | 9,936 | 2160 |
| സി.എഫ്.എൽ | 2x11 | 120 | 12 | 14 | 1,680 | 950 |
| ആകെ | | | | | 1,36,806 | |

മേൽ ബില്ലിൽ 990 സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിലേയ്ക്ക് പ്രതിമാസം 73,014 രൂപ നൽകുന്നുണ്ട്. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് 02.08.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 01-ന് തെരുവുവിളക്കുകൾക്ക് ഓർഡിനറി ബൾബുകൾ നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി-യിൽനിന്നും സംയുക്തപരിശോധന നടത്തിയിട്ടില്ല എന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. 990 ഓർഡിനറി ബൾബുകൾക്ക് നിലവിൽ 73,014/- രൂപ കറന്റ്ചാർജ് ഒടുക്കിവരുന്നു. ഓർഡിനറി ബൾബുകളുകൾക്ക് എൽ.ഇ.ഡി ബൾബുകളേക്കാൾ ചാർജ്ജ് കൂടുതലാണെന്ന് മേൽ പട്ടികയിൽനിന്നുതന്നെ വ്യക്തമാണ്. 2016-2017-ൽ ആസൂത്രണംചെയ്ത വാർഡുകളിൽ എൽ.ഇ.ഡി തെരുവുവിളക്കുകൾസ്ഥാപിക്കൽ പദ്ധതികൾ നടപ്പിലാക്കുന്നതിനും കെ.എസ്.ഇ.ബി-യുമായി സംയുക്തപരിശോധന നടത്തുന്നതിനും ഭരണസമിതിയോട് ശുപാർശചെയ്യുന്നു.

## 3-10 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചിരിക്കുന്നു

12-ാം പഞ്ചവത്സരപദ്ധതി 2012-2017 യുടെ 2016-2017 വാർഷിക പദ്ധതി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ 11.01.2016-ലെ സ.ഉ.(എം.എസ്) നമ്പർ 04/2016/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 8-2, 12.6 പ്രകാരം കുടിവെള്ളവിതരണം,ശുചിത്വം,മലിനജല നിർഗ്ഗമന സംവിധാനങ്ങളും ഖരമാലിന്യ പരിപാലനവും, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം&പരിപാലനം, നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റ്, ശ്മശാനം എന്നീ അടിസ്ഥാനസേവനങ്ങൾ വിപുലപ്പെടുത്തേണ്ടതിനായി മാത്രമായിരിക്കണം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കേണ്ടത്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് 2016-2017 സാമ്പത്തികവർഷം ഈ ഇനത്തിൽ

ചെലവഴിച്ച 74,16,414/- രൂപയിൽ 50,37,335/- രൂപയും ചെലവഴിച്ചരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 182 | വാഴകൃഷി വികസനം | 1,82,330 |
| 183 | ഇടവിള കൃഷി | 2,25,000 |
| 184 | ജലസേചന കിണർ | 1,80,000 |
| 185 | ജലസേചന പമ്പുസെറ്റ് | 1,49,980 |
| 186 | നെൽകൃഷിവികസനം | 1,96,000 |
| 216 | കന്നുകുട്ടി പരിപാലനം | 3,00,000 |
| 103 | ജവഹർലാൽ നെഹ്റു ഗ്രാമീണ ഭവനപദ്ധതി | 3,59,687 |
| 233 | ഭവനപുനരുദ്ധാരണം | 24,20,338 |
| 220 | അംഗൻവാടി പോഷകാഹാര പദ്ധതി | 2,00,000 |
| 267 | സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നൽകൽ | 5,00,000 |
| 259 | ക്ഷീര കർഷകർക്ക് പാലിനുള്ള സബ്സിഡി | 5,20,000 |
| | | 52,33,335 |

മേൽ വിഷയം സംബന്ധിച്ച് 09.08.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09-ന് മറുപടി നൽകിയില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ ആസൂത്രണംചെയ്ത് പൊതുവ്യവസ്ഥകൾ പാലിച്ച് നടപ്പിലാക്കേണ്ടതുമാണ്.

## 3-11 <u>കുടിവെള്ള പദ്ധതികൾക്ക് ബാക്കി തുക നൽകൽ- പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല-തടസ്സപ്പെടുത്തുന്ന തുക- **5,99,888/-**രൂപ</u>

അസി. സെക്രട്ടറി മുഖേന തൻവർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം 5,99,888/- രൂപ എക്സി.എഞ്ചിനീയർ, ഭൂജലവകുപ്പ്, കൊല്ലത്തിന് നൽകിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിലുള്ള 5 കുടിവെള്ളപദ്ധതികൾക്കായി 35,99,888/- രൂപയുടെ എസ്റ്റിമേറ്റാണ് ഭൂജലവകുപ്പ് എക്സി.എഞ്ചിനീയർ തയ്യാറാക്കി നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷം 30,00,000/-രൂപ (5X6,00,000=30,00,000/-രൂ.) ഭൂജലവകുപ്പിന് കൈമാറിയിരുന്നു. (ഓഡിറ്റ് റിപ്പോർട്ട് 2015-16, ഖണ്ഡിക 3-10 കാണുക). ആയതിന്റെ ബാക്കിതുകയായ 5,99,888/-രൂപയാണ് 2016-17 വർഷം ഭൂജലവകുപ്പിന് നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് വിവരം | ബിൽ നം./ തീയതി | തുക (രൂ) |
|---|---|---|---|
| 1 | പ്രോജക്റ്റ് നം. S0194/17<br>പ്ലാക്കാട് അംബേദ്കർ കോളനി കുടിവെള്ള പദ്ധതി<br>അടങ്കൽ- 95623/- രൂപ<br>(വികസനഫണ്ട്-എസ്.സി.പി)<br>എസ്റ്റിമേറ്റ് തുക- 695623/- രൂ. | 2/16-17/9.3.2017 | 95,623/- |
| 2 | പ്രോജക്റ്റ് നം. S0196/17<br>കല്ലംമൂട് മേച്ചിറ കുടിവെള്ള പദ്ധതി<br>അടങ്കൽ- 113268/- രൂ.<br>(വികസനഫണ്ട്-എസ്.സി.പി)<br>എസ്റ്റിമേറ്റ് തുക- 713268/- രൂപ | 3/16-17/9.3.2017 | 1,13,268/- |
| 3 | പ്രോജക്റ്റ് നം. S0204/17<br>ചെറുവാളകം കുടിവെള്ള പദ്ധതി<br>അടങ്കൽ-128483/- രൂ.<br>(വികസനഫണ്ട്-എസ്.സി.പി)<br>എസ്റ്റിമേറ്റ് തുക- 728483/- രൂപ | 5/16-17/9.3.2017 | 1,28,483/- |
| 4 | പ്രോജക്റ്റ് നം. S0208/17<br>നെല്ലിയാർമുകൾ കുടിവെള്ള പദ്ധതി<br>അടങ്കൽ-81915/- രൂ.<br>(വികസനഫണ്ട്-എസ്.സി.പി) | 1/16-17/9.3.2017 | 81,915/- |

| | | | |
|---|---|---|---|
| | എസ്റ്റിമേറ്റ് തുക- 681915/- രൂപ | | |
| 5 | പ്രോജക്ട് നം. S0209/17<br>പുറ്റമാൻകര കുടിവെള്ള പദ്ധതി<br>അടങ്കൽ-1,80,599/- രൂ.<br>(വികസനഫണ്ട്-എസ്.സി.പി)<br>എസ്റ്റിമേറ്റ് തുക- 7,80,599/- രൂപ | 4/16-17/9.3.2017 | 1,80,599/- |
| | | ആകെ | 5,99,888/- |

എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതികളുടെ പൂർത്തീകരണം, തുകകളുടെ വിനിയോഗം മുതലായവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പദ്ധതികൾക്കായി ചെലവഴിച്ച 5,99,888/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/8.8.2017) പ്രസ്തുത പദ്ധതികൾ അവസാനഘട്ടത്തിലാണെന്നും, പൂർത്തീകരിച്ചാലുടൻ രേഖകൾ ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്.

## **3-12** <u>സബ്സിഡി തുകയിൽ ആനുപാതികമായ കുറവുവരുത്തിയിട്ടില്ല-നിരാകരിക്കുന്ന തുക-**568/-**രൂ.</u>

പ്രോജക്ട് നം. S0008/17

പ്രോജക്ടിന്റെ പേര്- ജലസേചന പമ്പ്സെറ്റ്(ജനറൽ).

നിർവഹണം- കൃഷി ഓഫീസർ.

അടങ്കൽ- 2,22,000/- ( വികസനഫണ്ട്-70,000/-+

ഗുണ.വിഹിതം നേരിട്ടുചെലവഴിക്കുന്നത്-1,52,000/-)

ബിൽ നം./തീയതി- 2/16-17/10.3.2017.

തുക- 5,000/-

ഗ്രാമസഭവഴി തെരെഞ്ഞെടുത്ത 14 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി വിഭാവനം ചെയ്തതാണ് ഈ പ്രോജക്ട്. പ്രോജക്ടിന്റെ ധനകാര്യവിശകലനമനുസരിച്ച്, പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 15,857/- രൂപയാണ് (2,22,000/14=15,857/-). ഇതിൽ 5,000/- രൂ. സബ്സിഡിയും, 10,857/- രൂ. ഗുണഭോക്തൃവിഹിതം നേരിട്ടു ചെലവഴിക്കുന്നതുമാണ്.

പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. പത്മാവതിയമ്മ, കൃഷ്ണഭവനം, കൈതക്കോട് എന്ന വ്യക്തി, 14,055/- രൂപയുടെ പമ്പ്സെറ്റ് വാങ്ങിയതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. സബ്സിഡിയായി 5,000/- രൂ. ഗുണഭോക്താവിന് നൽകിയിരിക്കുന്നു. പ്രോജക്ട് വ്യവസ്ഥയനുസരിച്ച് 15,857/- രൂപ വിലവരുന്ന പമ്പ്സെറ്റ് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കുമ്പോഴാണ് ഗുണഭോക്താവിന് 5,000/- രൂ.

സബ്സിഡി അനുവദിക്കേണ്ടത്.

ടി ഗുണഭോക്താവിന് അനുവദിക്കേണ്ട സബ്സിഡിയുടെ വിവരം ചുവടെ ചേർക്കുന്നു.

(5,000/15,857)x14,055= 4,432/- രൂ.

അധികം നൽകിയ സബ്സിഡി = 5,000-4,432= 568/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽനിന്നും ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീ-8.8.2017) അധികം നൽകിയ സബ്സിഡി തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## **3-13** ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- വികസനഫണ്ടിൽനിന്നും ചെലവഴിച്ച **4,41,600/-** രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. S0182/17

പ്രോജക്ടിന്റെ പേര്- വാഴകൃഷിവികസനം (ജനറൽ)

നിർവഹണം- കൃഷി ഓഫീസർ.

അടങ്കൽ- 10,30,400/-

(വികസനഫണ്ട്-7,00,000/- + ഗുണ.വിഹിതം നേരിട്ട് ചെലവഴിക്കുന്നത്-1,47,200/-

വികസനഫണ്ട്-സി.എഫ്.സി-1,82,330/-+തനതുഫണ്ട്-870/-)

ഗ്രാമസഭവഴി തെരെഞ്ഞെടുത്ത 736 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി വിഭാവനം ചെയ്തതാണ് ഈ പ്രോജക്ട്. പ്രോജക്ടിന്റെ ധനകാര്യവിശകലനമനുസരിച്ച്, പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 1,400/- രൂപയാണ് (10,30,400/736=1,400/-). ഇതിൽ 1,200/- രൂപ സബ്സിഡിയും, 200/- രൂപ ഗുണഭോക്തൃവിഹിതം നേരിട്ടു ചെലവഴിക്കുന്നതുമാണ്.

ഒരു യൂണിറ്റിനായി 40 വാഴക്കന്നുകൾക്ക് 15/-രൂ. നിരക്കിൽ 600/- രൂപയും, ജൈവവളത്തിനായി 600/-രൂപയും ചേർത്ത് 1,200/-രൂപ സബ്സിഡി അനുവദിക്കുന്നു. ജൈവവളത്തിനായി ഓരോ യൂണിറ്റും 200/-രൂ. ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കേണ്ടതുമാണ്.

പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി, ചെക്ക് നം./തീയതി. | തുക (രൂ) | റിമാർക്സ് |
|---|---|---|---|
| 1 | 5/16-17/27.3.2017 | 7,00,000/- | 17227 വാഴക്കന്നുകൾക്ക് 15/-നിരക്കിലുള്ള വില=2,58,405 Limited to 2,58,400/-(KAICO, കൊല്ലത്തിന് നൽകിയത്)+ |

| | | | |
|---|---|---|---|
| | | | ജൈവവളം സബ്സിഡി 736 യൂണിറ്റുകൾക്ക് 600/- രൂ. നിരക്കിൽ അനുവദിച്ച തുക= 4,41,600/-<br>ആകെ=7,00,000/-രൂ. |
| 2 | 6/16-17/27.3.2017 | 1,82,330/- | 12213 വാഴക്കന്നുകൾക്ക് 15/-നിരക്കിലുള്ള വില=1,83,200/-<br>(KAICO,കൊല്ലത്തിന് നൽകിയത്) |
| 3 | ചെക്ക് നം.436499/16.3.2017 | 870/- | |
| | ആകെ | 8,83,200/- | |

736 യൂണിറ്റുകൾക്ക് 40 വാഴക്കന്നുകൾവീതം 29440 വാഴക്കന്നുകൾക്ക് 15/-രൂപ നിരക്കിൽ 4,41,600/- രൂപ KAICO, കൊല്ലത്തിന് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

ജൈവവളത്തിനായി ഓരോ യൂണിറ്റും 800/- രൂപ ചെലവഴിക്കുമ്പോഴാണ് 600/- രൂപ സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ജൈവവളത്തിനായി ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ ജൈവവളത്തിന്റെ സബ്സിഡി ഇനത്തിൽ 736 യൂണിറ്റുകൾക്കായി വികസനഫണ്ടിൽനിന്നും ചെലവഴിച്ച 4,41,600/-രൂപ (736x600=4,41,600/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽവിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/8.8.2017) ബന്ധപ്പെട്ട രേഖകൾ ഗുണഭോക്താക്കളിൽനിന്നും ശേഖരിച്ച് അപേക്ഷയോടൊപ്പം സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-14** വായ്പാബന്ധിതപദ്ധതികളിൽ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-തടസ്സപ്പെടുത്തുന്ന തുക-**7,20,000/-**രൂപ

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ കറവപ്പശുവളർത്തൽ(എസ്.സി), കറവപ്പശുവളർത്തൽ(എസ്.സി-വനിത) എന്നീ വായ്പാബന്ധിത പ്രോജക്ടുകളുടെ സബ്സിഡി തുക ബാങ്കിലേക്ക് ക്രെഡിറ്റ് ചെയ്തെങ്കിലും, ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചതിന്റേയോ, സബ്സിഡിയും വായ്പയും ചേർന്ന തുക പശുവിന്റെ വിലയിനത്തിൽ നൽകിയതിന്റേയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | ബിൽ നം./തീയതി | തുക (രൂ) | സബ്സിഡി ക്രെഡിറ്റ് ചെയ്തതിന്റെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പ്രോജക്ട് നം.S0226/17<br>കറവപ്പശു വളർത്തൽ (SC)<br>അടങ്കൽ തുക- 1240000/-രൂ.<br>(വികസനഫണ്ട്-SCP-620000/-+ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ- 620000/-)<br>31 ഗുണഭോക്താക്കൾക്ക് 40000/- രൂപ ക്രമത്തിൽ 1240000/- രൂപ. | 9/16-17 /31.3.2017 | 6,20,000/-<br>( വികസനഫണ്ട്-SCP) | 1) ഇൻഡ്യൻ ബാങ്ക്, പുത്തൂർ.<br>അക്കൗണ്ട് നം.<br>98910008565.<br>തുക-2,40,000/-<br>(12 ഗുണഭോക്താക്കൾക്ക് 20,000/- രൂപ ക്രമത്തിൽ)<br>2)) ഇൻഡ്യൻ ബാങ്ക്, കൈതക്കോട്.<br>അക്കൗണ്ട് നം.<br>6457204842<br>തുക-3,80,000/-<br>(19 ഗുണഭോക്താക്കൾക്ക് 20,000/- രൂപ ക്രമത്തിൽ)<br>ആകെ-6,20,000/- |
| 2 | പ്രോജക്ട് നം.S0284/17<br>കറവപ്പശു വളർത്തൽ (SC-വനിത)<br>അടങ്കൽ തുക- 10,40,000/-രൂ.<br>(വികസനഫണ്ട്-SCP-5,20,000/-+ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ- 520000/-) | 10/16-17 /31.3.2017 | 1,00,000/-<br>( വികസനഫണ്ട്-SCP) | ഇൻഡ്യൻ ബാങ്ക്, കൈതക്കോട്.<br>അക്കൗണ്ട് നം.<br>6457204842<br>തുക-1,00,000/-<br>(5 ഗുണഭോക്താക്കൾക്ക് |

| | | | | |
|---|---|---|---|---|
| | 26 ഗുണഭോക്താക്കൾക്ക് 40,000/-രൂപ ക്രമത്തിൽ 10,40,000/- രൂപ. | | | 20,000/- രൂപ ക്രമത്തിൽ) |
| ആകെ | | | 7,20,000/- | |

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/7.8.2017) ആയത് എത്രയുംവേഗം ഹാജരാക്കാമെന്നാണ് മറുപടി നൽകിയത്. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ബാങ്കിലേക്ക് ക്രെഡിറ്റ്ചെയ്ത സബ്സിഡി തുക 7,20,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 പ്രോജക്ട് നം. S0037/17-ശ്രീകൃഷ്ണസ്വാമി-കാരിക്കൽ ഏലാ റോഡ് കോൺക്രീറ്റിംഗ്-എർത്ത് ഫില്ലിംഗിന് ഉയർന്നനിരക്ക് അനുവദിച്ചു-നിരാകരിക്കുന്ന തുക-14,951/- രൂപ

നിർവഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 2,00,000/- (തനതുഫണ്ട്)

കൺവീനർ- ശ്രീ.കൊച്ചനുജൻപിള്ള

എഗ്രി. നം/തീ- 26/AE/LSGD/PVM/15-16 dt-14.7.2015

എം. ബുക്ക് നം.57/16-17

ആകെ പ്രവൃത്തിമൂല്യം-1,87,596/- രൂപ

ചെലവ് തുക(നികുതുകൾ ഉൾപ്പടെ- 1,98,852/-രൂപ

ചെക്ക് നം. 4306759/31.3.2017

നികുതികൾ കിഴിച്ച് കൺവീനർക്ക് നൽകിയത്- 1,85,720/- രൂപ

എസ്റ്റിമേറ്റ് ഇനം-1 (എം.ബുക്ക് പേജ് നം-6) പ്രകാരം Filling with contractor's own earth (excluding rock) in trenches, plinth, sides of foundations etc. in layers not exceeding 20cm in depth, consolidating each deposited layer by ramming and watering, lead upto 50m and lift upto 1.5m as per direction of site engineer-in-charge എന്ന ഇനത്തിന് 27m3 @ 1,050.97/$m^3$ നിരക്കിൽ 28,376.19 രൂ. നൽകി.

എന്നാൽ പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

Observed Data on Road Works, DSR-2014 (Modified the item 2.25 with 16.3.9)

Details of cost for 1 cum.

| Quantity | Code | Description | Unit | Rate | Amount |
|---|---|---|---|---|---|
| 0.177 day | 114 | Beldar | day | 329 | 58.23 |
| 0.167 day | 115 | Coolie | day | 329 | 54.94 |
| Carriage of good earth by mechanical transport upto 5km | | | | | |
| 1.000 cum | 2241 | Lead | cum | 133.11 | 133.11 |
| 0.020 day | 128 | Mate | day | 363 | 7.26 |
| 0.250 day | 115 | Coolie | day | 329 | 82.25 |
| 0.020 day | 101 | Bhisti | day | 363 | 7.26 |
| Total | | | | | 343.05 |
| Add water charge 1% | | | | | 3.43 |
| Add cost index (41.9%) | | | | | 145.17 |
| Total | | | | | 491.65 |
| Say 491.65/$m^3$ | | | | | |

491.65/$m^3$ നിരക്കിൽ 27$m^3$-ന് അനുവദനീയമായ തുക = 27x491.65= 13,274.55/- രൂപ

കൺവീനർക്ക് അധികം നൽകിയ തുക 28,376.19-13,274.55= 15,101.64

(+) 5% VAT= 755.08

1% WF = 151.01

--------

16,007.73

(-) 5% VAT =755.08

1% WF = 151.01

1% IT = 151.01.....10570.10

---------

14,951/-രൂപ

========

ടി തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 17/9.8.2017) മറുപടിയിൽ പ്രസ്തുത റോഡ് ഏലായുടെ വശത്തുകൂടി പോകുന്നതും ചതുപ്പ്

നിറഞ്ഞതുമാണെന്നും, ഇവിടെ ക്വാറിമക്ക് ആണ് ഫില്ലിംഗിനായി എസ്റ്റിമേറ്റിൽ ഉദ്ദേശിച്ചിരുന്നതെന്നും, പ്രവൃത്തിയിൽ നടപ്പാക്കിയതെന്നും ക്ലെറിക്കൽ മിസ്റ്റേക്ക് മൂലമാണ് എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷനിൽ എർത്ത് ഫില്ലിംഗ് എന്ന് തെറ്റായി വന്നിട്ടുള്ളതെന്നുമാണ് പരാമർശിച്ചിരിക്കുന്നത്.

എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, എസ്റ്റിമേറ്റിലോ ക്വാറിമക്ക് ഫില്ലിംഗ് നടത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് അതനുസരിച്ച് പുതുക്കി അംഗീകാരം നേടിയിട്ടുമില്ല. ഈ സാഹചര്യത്തിൽ, ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി അംഗീകരിക്കാനാവില്ല.

## 3-16 പൊതുമരാമത്ത്പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല ഫൈൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 35,831/- രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ്‌വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് കരാറുകാരിൽനിന്നും ഫൈൻ ഈടാക്കാത്തതുമൂലം 35,831/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 അനുസരിച്ചും, ജി. ഒ.(പി) നം. 84/97 PW&T dated 19 08-1997 ഉത്തരവ് അനുസരിച്ചും കരാറുടമ്പടിയിൽ വ്യവസ്ഥചെയ്ത സമയത്തിൽതന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരൻെറ ഉത്തരവാദിത്വമാണ്, എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ, ഭാഗികമായൊ കരാറുകാരൻെറ പിഴവുമൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഇങ്ങനെ ദീർഘിപ്പിക്കുന്ന സാഹചര്യത്തിൽ ആദ്യത്തെ മൂന്ന് മാസത്തേയ്ക്ക് പി.എ.സി. തുകയുടെ 1% ,തുടർന്നുള്ള ഒരോ മൂന്ന് മാസത്തേയ്ക്കും പി.എ.സി തുകയുടെ 2% ഉം വീതം പിഴ ഈടാക്കേണ്ടതാണ്.ആയതിൻെറ വിശദവിവരം താഴെ കൊടുക്കുന്നു.

(എ)പ്ലമുക്ക് കാത്തിരിപ്പുകേന്ദ്രംനിർമ്മാണം . പ്രോജക്ട് നം.so 158/2015-16 (so 73/2017),അടങ്കൽ തുക 2,50,000/രൂപ, കരാറുകാരൻ ശ്രീ.അശ്വിവിൻകുമാർ(1.49% below estimate rate), എഗ്രിമെൻറ് നം. 65/2015-15/AE/LSGD/ PVM dated 16-01-2015,M book No. 02/16-17.

ടി വർക്കിൻെറ എഗ്രിമെൻറ് വച്ച് കരാറുകാരന് സൈറ്റ് കൈമാറിയിരിക്കുന്നത് 16-01-2015-നാണ്. യഥാസമയം വർക്ക് പൂർത്തീയാക്കുന്നതിന് 29-04-2015, 09-07-2015 എന്നീ തീയതികളിൽ നോട്ടീസ് നൽകിയിട്ടുണ്ട്. അളവുപുസ്തകം , ഫൈനൽ വർക്ക് ബില്ല് എന്നിവയനുസരിച്ച് വർക്ക് കംബ്ളീറ്റ്ചെയ്ത് മെഷർമെൻറ് രേഖപ്പെടുത്തിയിരിക്കുന്നത് 20-04-2016-നാണ്. സൈറ്റ് കൈമാറിയ തീയതിമുതൽ മൂന്നുമാസം കാലാവധിയാണ് വർക്ക് കംബ്ളീഷന് അനുവദിച്ചിരിക്കുന്നത്. 16-04-2015 നാണ് വർക്ക് കംപ്ലീറ്റ് ചെയ്യേണ്ടത്. കരാറുകാരൻ വർക്ക് എക്സ്റ്റൻഷന് വേണ്ടി അപേക്ഷ സമർപ്പിക്കുകയോ, ടി അപേക്ഷ പരിഗണിച്ച് പഞ്ചായത്തുകമ്മറ്റി ഫൈൻ ഒഴിവാക്കി നൽകുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ 17-04-2015 മുതൽ 19-04-2016 വരെയുള്ള കാലയളവിലേയ്ക്ക് കരാറുകാരനിൽനിന്നും മേൽപറഞ്ഞ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഫൈൻ ഈടാക്കേണ്ടതാണ്. ഫൈൻ കണക്കാക്കിയതിൻെറ വിശദവിവരം താഴെ കൊടുക്കുന്നു. ടി

വർക്കിന്റെ പി.എ.സി. തുക 2,46,275/ രൂപയാണ്.

(1) 17-04-2015 മുതൽ 16-07-2015 വരെയുള്ള ആദ്യത്തെ മൂന്നുമാസത്തേയ്ക്ക് പി.എ.സി തുകയുടെ ഒരു ശതമാനം- 2,463/രൂപ

(2)17 -07 2015 മുതൽ 16 -10-2015 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് പി. എ. സി തുകയുടെ 2% 4,926/രൂപ

(3) 17 -10 – 2015 മുതൽ 16 – 01- 2016വരെയുള്ള മൂന്ന് മാസത്തേയ്ക്ക് പി.എ.സി തുകയുടെ 2% 4,926/രൂപ

(4) 17 -01-2016 മുതൽ 16- 04-2016 വരെയുള്ള മൂന്ന് മാസത്തേയ്ക്ക് പി.എ.സി. തുകയുടെ 2% 4,926/രൂപ.

(5) 17 -04-2016 മുതൽ 19 -04 - 2016 വരെയുള്ള മൂന്ന് ദിവസത്തേയ്ക്ക് പി.എ.സി തുകയുടെ 2% നിരക്കിലുള്ള തുക 164/രൂപ.

ആകെ 17,405/ രൂപ.

ടി വർക്കിന്റെ ആകെ മൂല്യം 2,34,445/-രൂപയാണ്. ഇതിൽനിന്നും ടെണ്ടർ ഡിഡക്ഷൻ, വെൽഫയർഫണ്ട്,വാറ്റ്, ആദായനികുതി എന്നിവ കുറവ് ചെയ്തുള്ള തുകയിൽനിന്നും വികസനഫണ്ട് 1,01,204/-രൂപ ബിൽ നം. 01/2016-17/28-10-2016 മുഖേന മാറി കരാറുകാരന് നൽകിയിട്ടുണ്ട്.

(ബി)പാലവിള-മലനടറോഡ് മെയിന്റനൻസ്. പ്രോജക്ട് നം. 88/2016 (274/2017), അടങ്കൽ തുക 3,00,000/രൂപ. കരാറുകാരൻ . ശ്രീ.വിശ്വംഭരൻ, എഗ്രിമെന്റ് നം. 84/AE/LSGD/PVM/2015-16 dated 25-01-2016. M.book No. 48/2016-17. ബിൽ നം. 40/2016-17 dated 23-03-2017.

ടി വർക്കിന്റെ കരാർ വ്യവസ്ഥയനുസരിച്ച് മൂന്ന് മാസം കാലാവധിയാണ് വർക്ക് പൂർത്തീകരണത്തിന് അനുവദിച്ചിരുന്നത്. ടി വർക്കിന്റെ സൈറ്റ് കരാറുകാരന് ഹാൻഡ്ഓവർ ചെയ്തിരിക്കുന്നത് 25-01-2016 നാണ്. മൂന്ന് മാസമാണ് പൂർത്തീകരണകാലാവധി, അതായത് 24-04-2016. എന്നാൽ അളവുപുസ്തകം, ഫൈനൽ വർക്ക് ബില്ല് എന്നിവയനുസരിച്ച് ടി വർക്ക് കംബ്ളീറ്റ് ചെയ്ത് അളവ്പുസ്തകം, ഫൈനൽ വർക്ക് ബില്ല് എന്നിവയിൽ റെക്കോർഡ് ചെയ്തിരിക്കുന്നത് 18-03-2017-നാണ്. കരാറുകാരൻ ഫൈൻ ഒഴിവാക്കി നൽകുന്നതിനുവേണ്ടി റിക്വസ്റ്റ് സമർപ്പിക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ പിഴ ഒടുക്കുന്നതിൽനിന്നും പഞ്ചായത്തുകമ്മറ്റി ഒഴിവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരനിൽനിന്നും മേൽപറഞ്ഞ ഉത്തരവിൻ പ്രകാരമുള്ള ഫൈൻ താഴെ പറയുന്നതനുസരിച്ച് ഈടാക്കി പഞ്ചായത്തുഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. ടി വർക്കിന്റെ പി.എ.സി തുക 2,98,263/ രൂപയാണ്.

(1) 25 -04 -2016 മുതൽ 24 - 07 -2016 വരെ പി.എ.സി. തുകയായ 2,98,263/രൂപയുടെ 1% 2,983/രൂപ.

(2) 25 -07 -2016 മുതൽ 24-10 -2016 വരെ പി. എ.സി . തുകയായ 2,98,263/രൂപയുടെ 2%

5,965/രൂപ.

(3)25 -10 -2016 മുതൽ 24-01-2017 വരെ പി.എ.സി. തുകയായ 2,98,263/രൂപയുടെ 2% 5,965/രൂപ

(4) 25 -01 -2017 മുതൽ 18-03 -2017 വരെയുള്ള 53 ദിവസത്തേയ്ക്ക് 2% നിരക്കിൽ 3,513/രൂപ

ആകെ 18,426/രൂപ(17,405 + 18,426)

മേൽപറഞ്ഞ രണ്ട് ഖണ്ഡികകളിലുമായി 35,831/-രൂപ ഫൈൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട കരാറുകാരിൽനിന്നോ ഫൈൻ ഈടാക്കാതിരുന്ന അസിസ്റ്റൻറ് എഞ്ചിനിയറിൽനിന്നോ ഈടാക്കി തനതുഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 3-17 ഗുണഭോക്തൃസമിതിമുഖേന നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തിക്ക് ഹാജരാക്കിയ ബില്ലുകളെക്കാൾ അധികമായി നൽകിയ തുക 35,623/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

എസ്റ്റിമേറ്റ് തുക – 1,50,000/-
സി. എസ്. ഐ. പള്ളി- കാരീക്കുഴിറോഡ് കോൺക്രീറ്റിനായി (പ്രോജക്ട് നം.48/17) , കൺവീനർ ശ്രീ. മാധവൻ എഗ്രീമെൻറ് നം. 30/AE/LSGD/PVM/2015-16/16 -07-2015 ബന്ധപ്പെട്ട് ഗുണഭോക്തൃസമിതി ഹാജരാക്കിയ മെറ്റീരിയൽസ് വാങ്ങിയ ബില്ലുകൾ പരിശോധിച്ചതിൽ 1,05,220/രൂപയുടെ ബില്ലുകൾമാത്രമേ ഹാജരാക്കിയിട്ടുള്ളൂ. വിശദമായ വിവരം താഴെ കൊടുക്കുന്നു.

മസ്റ്റർ റോൾ 26,000/രൂപ.

സിമൻെറ് 41,220/രൂപ

മെറ്റൽ 25,000/രൂപ.

എം സാൻറ് 13,000/രൂപ.

ആകെ 1,05,220/രൂപ.

എന്നാൽ അളവുപുസ്തകം അനുസരിച്ച് നികുതികൾ കഴിച്ചുള്ള ആകെ പ്രവർത്തിമൂല്യം 1,38,827/രൂപ കണക്കാക്കി 8,329/രൂപ നികുതിയും കണക്കാക്കി കൺവീനർക്ക് പേയ്മെൻറ് നൽകിയിട്ടുണ്ട്. എന്നാൽ കൺവീനർ ഹാജരാക്കിയ ബില്ലുകളെക്കാൾ (1,38,827 – 1,05,220) 33,607/രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ബില്ല് പ്രകാരമുള്ള തുക നൽകീയിരുന്നുവെങ്കിൽ നികുതിയിനത്തിൽ 6,313/രൂപ ഒടുക്കുവരുത്തിയാൽ മതിയായിരുന്നു. നികുതിയിനത്തിലും 2,016/രൂപ (8,329 – 6,313) അധികമായി ഒടുക്കു വരുത്തിയിട്ടുണ്ട്. ആകെ 35,623/രൂപ ടി വർക്കിൻെറ നിർവ്വഹണത്തിൽ അധികം ചെലവ്

ചെയ്തിട്ടുണ്ട്.

അളവ്പുസ്തകം അനുസരിച്ചുള്ള തുക തനത്ഫണ്ടിൽനിന്നും ചെക്ക് നം. 4306759/31 -03 -2017 അനുസരിച്ച് കൺവീനർക്ക് നൽകിയിട്ടുണ്ട്. അധികമായി നൽകിയ 35,623/-രൂപ കരാറുകാരനിൽനിന്നോ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

**3-18** ആവശ്യകതയിൽ കൂടുതൽ അളവിലുള്ള സിമന്റിന് വില കണക്കാക്കി കൺവീനർക്ക് തുക അനുവദിച്ചു- നിരാകരിക്കുന്ന തുക- **68,225/-**രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ കൺവീനർ വർക്കുകളിൽ പ്രവൃത്തിക്ക് ആവശ്യമായതിലും കൂടുതൽ അളവിലുള്ള സിമന്റിന് വില കണക്കാക്കി കൺവീനർക്ക് തുക അനുവദിച്ചിട്ടുള്ളതായി കാണുന്നു.

*(എ)പ്രോജക്ട് നം. SO-260/17- നെല്ലിയാർമുകൾ എസ്.സി.കോളനിയിൽ റോഡ് കോൺക്രീറ്റിംഗ്*

നിർവഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 2,00,000/-രൂപ (Plan-SCP)

കൺവീനർ- ശ്രീ.രവീന്ദ്രൻ.

എഗ്രി. നം/തീ- 45/AE/LSGD/PVM/16-17 dt-18.2.2017

എം. ബുക്ക് നം.57/16-17

ആകെ പ്രവൃത്തിമൂല്യം-1,98,969/- രൂപ

ചെലവ് തുക- 1,98,969/-രൂപ

ബിൽ നം. 67/16-17/31.3.2017

നികുതികൾ കിഴിച്ച് കൺവീനർക്ക് നൽകിയത്- 1,85,041/-രൂപ

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം നം. | കോൺക്രീറ്റിംഗിന്റെ ഇനം | കോൺക്രീറ്റിംഗിന്റെ അളവ് | ആവശ്യമായ സിമന്റിന്റെ അളവ് ( Kg) |
|---|---|---|---|
| 2 | CC 1:4:8 | 20.10$m^3$ | 3417 |
| 3 | CC 1:2:4 | 10.05$m^3$ | 3216 |
| ആകെ | | | 6633 |

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | സിമന്റ് (168 ചാക്ക്= 8400 Kg) | 67,199 |

| | | |
|---|---|---|
| | ബിൽ നം.31/14.2.17,<br>മാതാ ഹാർഡ് വെയേസ്റ്റ്, പുലമൺ,<br>കൊട്ടാരക്കര. | |
| 2 | മെറ്റൽ, എം.സാന്റ് | 48,805 |
| 3 | മസ്റ്റർ റോൾ | 84,000 |
| | ആകെ | 2,00,004 |

പ്രവൃത്തിക്ക് ആവശ്യമായ സിമന്റ്= 6633 Kg.

കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം 6633 Kg സിമന്റിന്റെ വില (67,199/8,400)x6,633=53,063/-രൂപ മാത്രമാണ് സിമന്റിന്റെ വിലയിനത്തിൽ അനുവദനീയം.

ആയതിനാൽ പ്രവൃത്തിയുടെ ആകെ ചെലവ് = 53,063+48,805+84,000=1,85,868/-രൂപ

പിൻവലിക്കാവുന്ന തുക =1,85,868/-രൂപ

(-)വാറ്റ് 5%- 9293

IT- 1,859

WF- 1859
---------

(-) ആകെ 13,011/-രൂപ
കൺവീനർക്ക് നൽകാവുന്നത് = 1,72,857/- രൂപ

കൺവീനർക്ക് നൽകിയത് = 1,85,041/- രൂപ

അധികം നൽകിയ തുക =1,85,041-1,72,857 = 12,184/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

*(ബി) പ്രോജക്ട് നം. SO-114/17-വില്ലേജ് ഓഫീസ് പായിക്കോണം റോഡ് കോൺക്രീറ്റിംഗ്*

നിർവഹണം- അസിസ്റ്റന്റ് എഞ്ചിനീയർ.

അടങ്കൽ തുക- 4,20,000/-രൂപ (Plan)

കൺവീനർ- ശ്രീ.മാത്യൂസ്.പി.ഒ.

എഗ്രി. നം/തീ- 43/AE/LSGD/PVM/16-17 dt-18.2.2017

എം. ബുക്ക് നം.38/16-17

ആകെ പ്രവൃത്തിമൂല്യം-4,17,044/-

ചെലവ് തുക- 4,17,044/-

ബിൽ നം. 67/16-17/31.3.2017

നികുതികൾ കിഴിച്ച് കൺവീനർക്ക് നൽകിയത്-3,87,852/-

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം നം. | കോൺക്രീറ്റിംഗിന്റെ ഇനം | കോൺക്രീറ്റിംഗിന്റെ അളവ് | ആവശ്യമായ സിമന്റിന്റെ അളവ് ( Kg) |
|---|---|---|---|
| 2 | CC 1:4:8 | 42.06$m^3$ | 7150.20 |
| 3 | CC 1:2:4 | 21.03$m^3$ | 6729.60 |
| ആകെ | | | 13879.80 |

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | സിമന്റ് (353 ചാക്ക്= 17650 Kg)<br>ബിൽ നം.127/2.3.17,126/1.3.17, കല്ലേത്ത്ഏജൻസീസ്, കൊട്ടാരക്കര. | 1,41,200 |
| 2 | മെറ്റൽ, എം.സാന്റ് | 1,09,400 |
| 3 | മസ്റ്റർ റോൾ | 1,64,980 |
| | ആകെ | 4,15,580 |

പ്രവൃത്തിക്ക് ആവശ്യമായ സിമന്റ്= 13,879.80 Kg.

കൺവീനർഹാജരാക്കിയ ബിൽ പ്രകാരം 13,879.80 Kg സിമന്റിന്റെ വില = (1,41,200/17,650)x13,879.80=1,11,038/-രൂപ മാത്രമാണ് സിമന്റിന്റെ വിലയിനത്തിൽ അനുവദനീയം.

ആയതിനാൽ പ്രവൃത്തിയുടെ ആകെ ചെലവ് = 1,11,038+1,09,400+1,64,980=3,85,418/-രൂപ

പിൻവലിക്കാവുന്ന തുക =3,85,418/-രൂപ

(-)വാറ്റ് 5%- 19,271

(-)IT- 3,856

(-)WF- 3,856

---------

(-)ആകെ 26,983/-രൂപ

കൺവീനർക്ക് നൽകാവുന്നത് = 3,58,435/- രൂപ

കൺവീനർക്ക് നൽകിയത് = 3,87,852/- രൂപ

അധികം നൽകിയ തുക 3,87,852- 3,58,435 =29,417/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

*(സി) പ്രോജക്ട് നം. SO-133/17-നെല്ലിപ്പള്ളി ജംഗ്ഷൻ-പ്ലാവിള റോഡ് കോൺക്രീറ്റിംഗ്*

നിർവഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 4,00,000/- രൂപ (Plan)

കൺവീനർ- ശ്രീ.പ്രശാന്ത്കുമാർ

എഗ്രി. നം/തീ- 40/AE/LSGD/PVM/16-17 dt-18.2.2017

എം. ബുക്ക് നം.35/16-17

ആകെ പ്രവൃത്തിമൂല്യം-3,99,703/- രൂപ

ചെലവ് തുക- 3,99,703/-രൂപ

ബിൽ നം. 46/16-17/28.3.2017

നികുതികൾ കിഴിച്ച് കൺവീനർക്ക് നൽകിയത്-3,71,724/-രൂപ

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം നം. | കോൺക്രീറ്റിംഗിന്റെ ഇനം | കോൺക്രീറ്റിംഗിന്റെ അളവ് | ആവശ്യമായ സിമന്റിന്റെ അളവ് ( Kg) |
|---|---|---|---|
| 2 | CC 1:4:8 | 40.14$m^3$ | 6823.80 |
| 3 | CC 1:2:4 | 20.07$m^3$ | 6422.40 |
| ആകെ | | | 13246.20 |

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | സിമന്റ് (335 ചാക്ക്= 16750Kg)<br>ബിൽ നം.451/4.3.17,452/4.3.17,<br>നന്ദിനി ട്രേഡേഴ്സ്, തേവലപ്പുറം. | 1,37,347 |
| 2 | മെറ്റൽ, എം.സാന്റ് | 1,06,710 |
| 3 | മസ്റ്റർ റോൾ | 1,55,750 |
| | ആകെ | 3,99,807 |

പ്രവൃത്തിക്ക് ആവശ്യമായ സിമന്റ്= 13,246.20Kg.

കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം 13246.20Kg സിമന്റിന്റെ വില = (1,37,347/16,750)x13,246.20=1,08,616/-രൂപ മാത്രമാണ് സിമന്റിന്റെ വിലയിനത്തിൽ അനുവദനീയം.

ആയതിനാൽ പ്രവൃത്തിയുടെ ആകെ ചെലവ് = 1,08,616+1,06,710+1,55,750=3,71,076/-രൂപ

പിൻവലിക്കാവുന്ന തുക =3,71,076/-രൂപ

(-)വാറ്റ് 5%- 18,554

IT- 3,711

WF- 3,711

---------

ആകെ 25,976/-രൂപ
കൺവീനർക്ക് നൽകാവുന്നത് = 3,45,100/- രൂപ

കൺവീനർക്ക് നൽകിയത് = 3,71,724/- രൂപ

അധികം നൽകിയ തുക = 3,71,724 - 3,45,100 =26,624/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(എ),(ബി),(സി) എന്നിവ പ്രകാരം അധികം പിൻവലിച്ച 68,225/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്ന് ഈടാക്കേണ്ടതാണ്.

തൻവർഷത്തെ ഏതാനും പ്രവൃത്തികൾ പരിശോധനയ്ക്ക് വിധേയമാക്കിയതിലൂടെ കണ്ടെത്തിയ നഷ്ടം മാത്രമാണ് മുകളിൽ കണക്കാക്കിയിരിക്കുന്നത്. തൻവർഷം നടപ്പാക്കിയ മറ്റ് പ്രവൃത്തികളിലും ഇത്തരത്തിലുള്ള നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ആകെ നഷ്ടം കണക്കാക്കുന്നതിന് തുടരന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.17/9.8.2017) മറുപടിയിൽ ഗുണഭോക്തൃസമിതികൾവഴി നടപ്പിലാക്കിയ പല പ്രവൃത്തികളിലും വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിലും, ഉറവകൾ ഉണ്ടാകുന്ന സ്ഥലങ്ങളിലും കൂടുതൽ കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ടെന്നും, കൂടാതെ കൂടുതൽ അളവിലും പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും, ആയതിനാലാണ് കൂടുതൽ സാധനങ്ങൾ ഉപയോഗിക്കേണ്ടി വന്നിട്ടുള്ളതെന്നുമാണ് കൺവീനർമാർ അറിയിച്ചിട്ടുള്ളതെന്നാണ് പരാമർശിച്ചിരിക്കുന്നത്. എന്നാൽ ഈ മറുപടി അംഗീകരിക്കാനാവില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-2017 | 84,000 | നെൽകൃഷി വികസനം | 84,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2016-2017 | 52,500 | നെൽകൃഷി | 52,500 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | വികസനം-കൂലിച്ചലവ് | | |
| ബ്ലോക്ക്പഞ്ചായത്ത് | 2016-2017 | 2,10,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,10,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2016-2017 | 25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 25,000 | ഇല്ല |
| ബ്ലോക്ക്പഞ്ചായത്ത് | 2016-2017 | 25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 25,000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജലവകുപ്പ് | പ്ലാക്കാട് അംബേദ്കർ കോളനി കുടിവെള്ള പദ്ധതി | 95,623 | | 95,623 |
| | കല്ലുംമൂട് - മേച്ചിറ കുടിവെള്ള പദ്ധതി | 11,3,268 | | 1,13,268 |
| | ചെറുവാളകം കുടിവെള്ള പദ്ധതി | 1,28,483 | | 1,28,483 |
| | നെല്ലീയാർമുകൾ കുടിവെള്ള പദ്ധതി | 81,915 | | 81,915 |

| | | | | |
|---|---|---|---|---|
| | പുറ്റമൻകര കുടിവെള്ള പദ്ധതി | 1,80,599 | | 1,80,599 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം ലൈൻ എക്സ്റ്റൻഷൻ | 2,00,000 | | 2,00,000 |

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

**4-4** വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

**4-5** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

**4-6** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 3-9 (ഓഡിറ്റ് വേളയിൽ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഭാഗികമായി) | 11,000 | ശ്രീമതി. തുളസീഭായി അമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1160290043 30/12/2016 |

**4-7** സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 37 | 2004-05 | 3-1 | തൊഴിൽ പരിശിലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല | അകൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2007-08 | സ്പഷ്യൽ റിപ്പോർട്ട് | 2011-12 | 4-6 | ആശ്രയാ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻപ് തുക ചെലവഴിച്ചു. | അകൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം റിപ്പോർട്ടുകൾ നിഷ്ക്രീയ ആസ്ഥികൾ | 2014-15 | 4.1.6<br>4.1.7 | | 1997-98 വർഷം എംപി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പിഎച്ച്സി കെട്ടിടം 2013-14 വർഷം 555306 /- രൂപ ചെലവഴിച്ച തുക പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി.15-16 വാർഷിക പദ്ധതിയിൽ 300000/- രൂപ വകയിരുത്തിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തി സ്പിൽഓവർപ്രോജക്ട് തുടരുന്നു. |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം നദീതീര സംരക്ഷണവും | 2014-15 | 4.2.15 | ചാലായത്ത് കടവിൽ നദീതിര കൈയ്യേറി | ചാലായത്ത് കടവിൽകൃഷി നടത്തുന്ന ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ |

| | | | | | |
|---|---|---|---|---|---|
| | മണൽ വാരൽ നിയന്ത്രണം | | | കൃഷി ചെയ്യുന്നു. | എന്നറിയുന്നതിനായി വില്ലേജാഫീസർക്ക്കത്ത് നൽകി തുടർ നടപടിസ്വീകരിച്ചുവരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,78,70,228 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,80,42,189 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,24,717 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,88,466 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4,000 | ശ്രീ. പ്രകാശൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | | 1,350 | ശ്രീ. ദിലീപ്.ടി. സെക്രട്ടറി |
| 3-12 | | 568 | ശ്രീ.സുനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 14,951 | ശ്രീ.സുനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-17 | | 35,623 | ശ്രീ.സുനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-18 | | 68,225 | ശ്രീ.സുനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2,20,000 | ശ്രീ. പ്രകാശൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 4,59,324 | ഡോ.പി.ഗീത, മെഡിക്കൽ ഓഫീസർ, ആയൂർവേദം |
| 3-7(എ) | 1,00,000 | ഡോ.പ്രജീത നെൽസൺ, മെഡിക്കൽ ഓഫീസർ , ഹോമിയോ |
| 3-7(ബി) | 1,47,654 | ഡോ.മറീന, മെഡിക്കൽ ഓഫീസർ , മെഡിക്കൽ ഓഫീസർ , |
| 3-11 | 5,99,888 | ശ്രീ. പ്രകാശൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 4,41,600 | ശ്രീമതി.ലാലി.സി, കൃഷി ഓഫീസർ |
| 3-14 | 7,20,000 | ശ്രീമതി.ദീപ്തി.എ.ആർ, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-2, 3-18

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ദിലീപ്.ടി. സെക്രട്ടറി | സെക്രട്ടറി, ആലപ്പാട് ഗ്രാമ പഞ്ചായത്ത് | കാർത്തിക മന്ദിരം, മാലിഭാഗം, |

| | | |
|---|---|---|
| | | ചവറ തെക്ക് പി.ഒ<br>കൊല്ലം |
| ശ്രീ. പ്രകാശൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | ഇടവിളാകത്ത് വീട്, ചിറ്റാറ്റുമുക്ക്.പി.ഒ, കണിയാപുരം |
| ശ്രീ.സുനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | കളീയ്ക്കൽ, വായ്ക്കനാട്, കൊല്ലം – 691509 |

## 4-9 തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ക്യൂ. പി.3- 1245/14(1)/.11.06.14 | എല്ലാ ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.ക്യൂ. പി.3- 1245/14(2)/11.06.14 | 8 |
| 1998-99 | എൽ.എഫ്.ക്യൂ. പി.3- 1245/14(3)/.11.06.14 | എല്ലാ ഖണ്ഡികകളും |
| 1999-2000 | എൽ.എഫ്.ക്യൂ. പി.3- 1245/14(1)/11.06.14 | എല്ലാ ഖണ്ഡികകളും |
| 2000-01 | എൽ.എഫ്.ക്യൂ. പി.3- 1245/14(1) /11.06.14 | എല്ലാ ഖണ്ഡികകളും |
| 2001-02 | എൽ.എഫ്.ക്യൂ. പി.3- 1245/14/11.06.14 | എല്ലാ ഖണ്ഡികകളും |
| 2002-03 | എൽ.എഫ്.ക്യൂ. പി.3- 1245/14/11.06.14 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.ക്യൂ. പി.3- 1245/14(4)/11.06.14 | 7 |
| 2004-05 | എൽ.എഫ്.ക്യൂ. പി.3- 1245/14(5)/11.06.14 | എല്ലാ ഖണ്ഡികകളും |
| 2005-06 | എൽ.എഫ്.ക്യൂ. പി.3- 1245/14(6)/11.06.14 | എല്ലാ ഖണ്ഡികകളും |
| 2006-07 | എൽ.എഫ്.ക്യൂ. പി.3- 1245/14(7)/11.06.14 | 23 |
| 2007-08 | എൽ.എഫ്.ക്യൂ. പി.3- 1245/14/11.06.14 | എല്ലാ ഖണ്ഡികകളും |
| 2008-09 | എൽ.എഫ്.ക്യൂ. പി.3- 1245/14/11.06.14 | എല്ലാ ഖണ്ഡികകളും |
| 2009-10 | എൽ.എഫ്.ക്യൂ. പി.3- 1245/14/11.06.14 | എല്ലാ ഖണ്ഡികകളും |
| 2010-11<br>2011-12 | എൽ.എഫ്.ക്യൂ. പി.3- 1245/14/ 11.06.14 | 7 |
| 2012-13<br>2013-14 | എൽ.എഫ്.ക്യൂ. പി.3- 727/15 തീ.25.06.15 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ.എസ്.എ. കെ.എൽ.എം. പി3-1161/ 16 / 1.8.16 | എല്ലാ ഖണ്ഡികകളും |
| 2015-2016 | കെ.എസ്.എ. കെ.എൽ എം പി3. 227 / 2017 തീയതി-04.02.2017 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി-11-1543/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 11/10/2017.

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.